04
2024
ഏപ്രിൽ
വ്യാഴം
മീനം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-5, Issue No.165 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-165 പേജ് 4. വില 2.00 രൂപ






02 വൈദ്യുതി ഉപയോഗം വീണ്ടും സർവകാല റിക്കാർഡിൽ

03 കടലേറ്റത്തിന് ശമനമായി; മുണ്ടയ്ക്കലിൽ കേന്ദ്രസംഘം എത്തി

04 വരയിൽ താരമായി ശ്രേയസ്സ്, ഒപ്പം പത്തോളം ലോക റെക്കോർഡുകളും


# തീരത്തിനൊപ്പം സാരഥികൾ

യേശുദാസ് വില്യം



തിരുവനന്തപുരം : ഉയിർപ്പുപെരുന്നാളിന്റെ സമാശ്വാസം മനസ്സിൽ നിറഞ്ഞു നിന്ന അന്തരീക്ഷത്തിൽ തീരദേശ ജീവിതത്തിന്റെ ഹൃദയം തുടിക്കുന്ന വെള്ളയമ്പലത്തെ ടിഎസ്സ്എസ്സ്എസ്സ് ഓഡിറ്റോറിയത്തിൽ തിരുവനന്തപുരം മണ്ഡലത്തിലെ സ്ഥാനാർത്ഥികളുടെ സംഗമം നടന്നു.തീരദേശത്തെ പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ അക്കമിട്ടു നിരത്തിയ അവകാശപത്രിക ലത്തീൻ സഭയുടെ രാഷ്ട്രീയകാര്യ സമിതി സ്ഥാനാർത്ഥികൾക്കു മുൻപിൽ അവതരിപ്പിച്ചു.വികാർജനറൽ ഫാദർ.യൂജിൻ പെരേര,ഫാദർ.ജയിംസ് കുലാസ് തുടങ്ങിയ പുരോഹിത പ്രമുഖർ ആഥിത്യമരുളിയ സംഗമത്തിൽ ആദ്യമെത്തിയത് എൻഡിഎ സ്ഥാനാർത്ഥിയായ രാജീവ് ചന്ദ്രശേഖർ ആയിരുന്നു.ഫാദർ.യൂജിനും,സഭയുടെ രാഷ്ട്രീയകാര്യസമിതിയുടെ ഭാരവാഹികളും ചേർന്നു അദ്ദേഹത്തെ സ്വീകരിച്ചു.നീലനിറത്തിലുള്ള ജൂബയും കസവ് മുണ്ടുമുടുത്തെത്തിയ രാജീവ് ചന്ദ്രശേഖർ ഭാരവാഹികളുമൊത്തു ചായകുടിച്ചു കഴിഞ്ഞപ്പോഴേക്കും ശശിതരൂർ വന്നെത്തി.തീരദേശവിഷയങ്ങൾമാറ്റുരക്കുന്ന വേദിയായതുകൊണ്ടാവണം ശശി തരൂരും നീല നിറത്തിലെ ജൂബ്ബയും മുണ്ടുമായിരുന്നു വേഷം.കുറച്ചു നേരം എൽഡിഎഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രനായി കാത്തിരുന്നതിനുശേഷം ഇരുവരും സംഗമവേദിയിലേക്കു കയറി.പന്ന്യൻ രവീന്ദ്രൻ സംഗമത്തിൽ എത്തിയില്ല.

പതിനെട്ട് ആവിശ്യങ്ങൾ അടങ്ങുന്ന അവകാശപത്രിക അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ പിന്നെ സ്ഥാനാർത്ഥികളുടെ ഊഴമായിരുന്നു.പിന്നെ കണ്ടത് ലോകനിലവാരത്തിലുള്ള പ്രഗൽഭരായ രണ്ടു രാഷ്ട്രീയ നേതാക്കളുടെ പ്രകടനമായിരുന്നു.മുഖഭാവങ്ങളിലും,മാനറിസങ്ങളിലും ശക്തരായനേതാക്കളുടെ മുഖഭാഷ. അക്ഷരമാലക്രമത്തിൽ ആദ്യം പന്ന്യൻ രവീന്ദ്രന്റെ ഊഴമായിരുന്നു. അദ്ദേഹം എത്തിച്ചേരാതിരുന്നതു കൊണ്ട് രാജീവ് ചന്ദ്രശേഖറെ ക്ഷണിച്ചു.വളരെലളിതമായി നിറഞ്ഞ സദസ്സിനോടും മാധ്യമങ്ങളുടെയും മുമ്പിൽ രാജീവ് ചന്ദ്രശേഖർ തന്റെ തീരവികസന സ്വപ്നങ്ങൾ പങ്കുവെച്ചു.മണ്ഡലത്തിൽ എത്തി നടത്തിയ ആശയവിനിമയത്തിൽ നിന്നും നേരിട്ടു നടത്തിയ യാത്രകളിൽനിന്നും ഒട്ടേറെ കാര്യങ്ങൾ പഠിക്കുവാനായി.പണിയെടുക്കുന്ന രാഷ്ട്രീയമാണ് ഞാൻ പിൻതുടരുന്നത്.അതുകൊണ്ടു തന്നെ ഒരു വിഷൻ ഡോക്യുമെന്റ് അടുത്ത അഞ്ചുവർഷത്തേക്ക് എന്തൊക്കെ കാര്യങ്ങൾ ചെയ്യും എന്നതിന്റെ രൂപരേഖ പുറത്തിറക്കും.രാജീവ് ചന്ദ്രശേഖർ പറഞ്ഞു.വിഴിഞ്ഞത്തെ വികസന പദ്ധതികളിൽ മൽസ്യത്തൊഴിലാളി സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസനമാണ് ഉദ്ദേശിക്കുന്നതെന്നു പറഞ്ഞപ്പോൾ സദസ്സിൽ നിന്നും കൈയ്യടി ഉയർന്നു.അതുപോലെ തന്നെ വിഭവശേഷി നശിപ്പിക്കാതെ,ഒരാളെയും മാറ്റിനിർത്താതെയാവും വികസനമെന്ന് രാജീവ് പറഞ്ഞു.വേദിയിൽ ശശി തരൂർ പുഞ്ചിരിയോടെ കേട്ടിരുന്നു. കടലാക്രമണത്തിൽ നിന്നും തീരത്തെയും,മനുഷ്യരെയും രക്ഷിക്കുവാൻ വേണ്ടിയുള്ള സംരക്ഷണത്തെപ്പറ്റി മാസ്റ്റർപ്ലാനുണ്ടാക്കി കേന്ദ്രത്തിനെക്കൊണ്ടു നടപ്പിലാക്കുമെന്നും രാജീവ് ചന്ദ്രശേഖർ ഉറപ്പു നൽകി.യുവതലമുറയെ ആധുനീക കലത്തിനനുസരിച്ചുള്ള സ്കിൽ നേടുന്നതിനുള്ള സംവിധാനങ്ങളും കൊണ്ടുവരും.അനുവദിച്ച പത്തു മിനിട്ടിനുള്ളിൽ കാര്യങ്ങൾ രാജീവ് ചന്ദ്രശേഖർ പറഞ്ഞവസാനിപ്പിച്ചു.

ശശിതരൂർ തുടങ്ങിയ ആദ്യവാചകത്തിൽ തന്നെ ഈ തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നത് കേന്ദ്ര ഭരണം മാറ്റുവാനാണ്.എന്നിട്ട് ജനങ്ങളെ സഹായിക്കുന്ന സർക്കാർ ഉണ്ടാക്കും. കോൺഗ്രസിനുമാത്രമേ അതിനു സാധിക്കൂ..കേന്ദ്ര പദ്ധതികൾ കൊണ്ടു വന്നു എന്നാൽസംസ്ഥാനത്തിനു പണമില്ല.എയിംസ് ലിസ്റ്റ് ചെയ്തു,സംസ്ഥാനം സ്ഥലം കണ്ടെത്തി കൊടുക്കണം.തിരുവനന്തപുരം ഉദ്ദേശിച്ചെങ്കിലും സംസ്ഥാനം കോഴിക്കോടു വേണമെന്നു പറഞ്ഞു.കേന്ദ്രത്തേയും സംസ്ഥാനത്തെ ഭരണത്തേയും മാറ്റിയേ പറ്റു.കൈയ്യടികൾക്കിടയിൽ ശശി തരൂർ പറഞ്ഞു.യുഎഇ എംബസി കൊണ്ടുവന്നതും,കേന്ദ്ര സ്ഥാപനങ്ങൾ തലസ്ഥാനത്തു തുടങ്ങിയതും ശശിതരൂർ പറഞ്ഞു.വിഴിഞ്ഞം സമരത്തോടനുബന്ധിച്ചു ബിഷപ്പുമാരെ ദേശദ്രോഹക്കുറ്റം ചുമത്തിയത് തെറ്റാണന്നും ശശി തരൂർ പറഞ്ഞു.തന്റെ കാലയളവിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ സംക്ഷിംപ്ത രൂപം പുസ്തകമാക്കി വിതരണം ചെയ്തു. പിന്നീട് തീരദേശത്തെ പ്രധാന പ്രശ്നങ്ങൾ ചിലതൊക്കെ പങ്കെടുത്തവർ ഉന്നയിച്ചു.തീരത്തിന്റെ പ്രശ്നങ്ങൾ തൊട്ടറിഞ്ഞ സംഗമത്തിനു ശേഷം സ്ഥാനാർത്ഥികൾ.പിരിഞ്ഞു.ശരിദൂരം എത്രയെന്ന് ഇനിയും പിടിതരാതെ ലത്തീൻ ആസ്ഥാനത്തെ പുരോഹിതരും,അൽമായരും അവരെ യാത്രയാക്കി.

## സ്വർണക്കുതിപ്പ്; പവന് 51,000 കടന്നു

കൊച്ചി: സംസ്ഥാനത്ത് പുതിയ ഉയരങ്ങൾ കീഴടക്കി സ്വർണക്കുതിപ്പ്. പവന് 51,000 രൂപയ്ക്ക് മുകളിലെത്തി. ഇന്ന് ഒരു ഗ്രാം സ്വർണത്തിന് 75 രൂപയും ഒരു പവൻ സ്വർണത്തിന് 600 രൂപയുമാണ് കൂടിയത്. ഇതോടെ ഗ്രാമിന് 6,410 രൂപയിലും പവന് 51,280 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. ഒരു ഗ്രാം 18 കാരറ്റ് സ്വർണത്തിന് 65 രൂപ കൂടി 5,360 രൂപയും പവന് 520 രൂപ കൂടി 42,880 രൂപയിലുമെത്തി.

## ബോംബ് നിർമാണത്തിനിടെ പൊട്ടിത്തെറി: 4 പേർക്ക് പരിക്ക്

തിരുവനന്തപുരം : മണ്ണന്തലയിൽ നാടൻ ബോംബു നിർമാണത്തിനിടെയുണ്ടായ പൊട്ടിത്തെറിയിൽ നാലു പേർക്ക് പരുക്ക്. പതിനേഴു കാരനായ നെടുമങ്ങാട് സ്വദേശി അനിരുദ്ധിന്റെ രണ്ടു കൈപ്പത്തികളും അറ്റു. ഒപ്പമുണ്ടായിരുന്ന അഖിലേഷിനും ഗുരുതരമായി പരുക്കേറ്റു. നിസ്സാര പരുക്കേറ്റ കിരൺ, ശരത് എന്നിവരെ പൊലീസ് കസ്റ്റഡിയിലെടുത്തു. ബുധനാഴ്ച വൈകിട്ട് മണ്ണന്തലയിലെ കുന്നിൻമുകളിൽ വിജനമായ സ്ഥലത്തു നാടൻ ബോംബ് നിർമിക്കുമ്പോഴായിരുന്നു അപകടം.

നാലു പേരും ഗുണ്ടാസംഘത്തിലുൾപ്പെട്ടവരാണെന്നു പൊലീസ് പറഞ്ഞു. അനിരുദ്ധിനെതിരെ അനധികൃത ബോംബ് നിർമാണത്തിന് മുൻപും കേസുണ്ട്. ബോംബ് നിർമിച്ചത് പൊലീസിനെ എറിയാനാണോ എന്നു സംശയമുണ്ട്. നാലു പേർക്കുമെതിരെ വഞ്ചിയൂരിൽ ബൈക്ക് മോഷണക്കേസുണ്ട്. ഇവരെ അന്വേഷിച്ച് പൊലീസ് കഴിഞ്ഞ ദിവസം ഇവരുടെ വീടുകളിൽ പോയിരുന്നു.



കൊല്ലംകോട് പന്നിയോട്ടുകോണം സ്വദേശി അനിജിത്ത് (18), വട്ടപ്പാറ വേങ്കവിള സ്വദേശി അഖിലേഷ് (19), നെടുമങ്ങാട് സ്വദേശി അനിരുദ്ധ് (18), വട്ടപ്പാറ സ്വദേശി കിരൺ (19) എന്നിവരാണ് പോലീസിന്റെ പിടിയിലായത്. ഇതിൽ അനിരുദ്ധിനാണ് സ്ഫോടനത്തിൽ കൈപ്പത്തികൾ നഷ്ടമായത്. ബുധനാഴ്ച വൈകുന്നേരം മൂന്നുമണിയോടുകൂടിയാണ് സ്ഫോടനമുണ്ടായത്. മണ്ണന്തല സ്റ്റേഷൻ പരിധിയിൽ മുക്കോലയ്ക്കലിൽ ഒരു പാർക്കിനു സമീപത്തെ ഒഴിഞ്ഞ സ്ഥലത്താണ് സംഭവം. രണ്ടു ബൈക്കുകളിലായെത്തിയ സുഹൃത്തുക്കൾ ഒരു മരച്ചുവട്ടിലിരുന്ന് ബോംബു നിർമാണത്തിൽ ഏർപ്പെടുകയായിരുന്നു. അധികം ആളനക്കമില്ലാത്ത സ്ഥലമായതിനാൽ സംഭവത്തെക്കുറിച്ച് ആദ്യം പുറത്തറിഞ്ഞില്ല. അനിരുദ്ധിന് ഇരു കൈപ്പത്തികളും നഷ്ടമായപ്പോൾ അനിജിത്ത്, അഖിലേഷ്, കിരൺ എന്നിവരുടെ കൈപ്പത്തികൾക്ക് ഗുരുതരമായി പരിക്കേറ്റിട്ടുമുണ്ട്. സ്ഫോടനത്തിന് പിന്നാലെ ഓട്ടോറിക്ഷ വിളിച്ചാണ് നാൽവർ സംഘം തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു പോയത്. പാചകവാതകം ചോർന്ന് തീപിടിച്ച് പൊള്ളലേറ്റുവെന്നാണ് ഓട്ടോ ഡ്രൈവറോട് ഇവർ പറഞ്ഞത്. സ്ഫോടനശബ്ദം കേട്ട് എത്തിയവരാണ് വിവരം മണ്ണന്തല പോലീസിൽ അറിയിച്ചത്. തുടർന്നാണ് വിശദമായ അന്വേഷണത്തിനൊടുവിൽ നാലുപേരെയും പോലീസ് കസ്റ്റഡിയിലെടുത്തത്. ബോംബുനിർമ്മാണത്തിന് ഇവർ കൊണ്ടുവന്ന കരിമരുന്നും മറ്റു സാധനസാമഗ്രികളും പോലീസ് പിടികൂടിയിട്ടുണ്ട്. പോലീസിനെ ആക്രമിക്കാനാണോ ഇവർ നാടൻ ബോംബ് ഉണ്ടാക്കിയത് എന്നു സംശയിക്കുന്നതായി മണ്ണന്തല പോലീസ് അറിയിച്ചു.



## തീരത്തെ ഇടയൻമാർ

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ ഒൻപതു ഡീക്കൻമാർ ഇന്നു പുരോഹിത പട്ടം സ്വീകരിച്ച് വൈദീകരാവുന്നു.പുരോഹിത പട്ടം സ്വീകരിക്കുന്ന ഈ യുവാക്കളിൽ ഒരാളൊഴികെ മറ്റെല്ലാവരും തീരത്തെ മൽസ്യബന്ധന മേഖലയിൽനിന്നുമുള്ളവരാണ്. ലോകത്തു തന്നെ അപൂർവ്വമാണ് തീരമേഖലയിൽ നിന്നും പ്രേഷിത പ്രവർത്തനത്തിനായി ഒരു രൂപതയിൽ ഇത്രയധികം പുരോഹിതൻമാർ.ഒരു വീട്ടിൽ നിന്നുതന്നെ രണ്ടുപേർ പ്രേഷിതപ്രവർത്തനം നടത്തുന്നുണ്ട്.പൊഴിയൂർ പരുത്തിയൂർ തീരത്തുനിന്നും അതിരൂപതയിൽ പൗരോഹിത്യത്തിലെത്തിയ മുത്തപ്പൻ സഹോദരൻമാരുടെ ജീവിതകഥ സമാനതകളില്ലാത്തതാണ്.തീരത്തെ വറുതികളിൽ നിന്നും മോചനം തേടി അനാഥാലയത്തിൽ പഠിച്ചു പിന്നീട് പുരോഹിത്യത്തിലെത്തിയ മുത്തപ്പൻ സഹോദരൻമാരിൽ ജോൺസൺ മുത്തപ്പൻ അകാലത്തിൽ മരിച്ചതും അതിരൂപതയുടെ നീറുന്ന ഓർമ്മയാണ്.

കേരളത്തിന്റെ തെക്കേ അറ്റത്തുള്ള തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ പുരോഹിത ശ്രേഷ്ടൻമാരിൽ കൂടുതലും തീരപ്രദേശത്തുനിന്നും പൗരോഹിത്യത്തിലെത്തിയിട്ടുള്ളവരാണ്.അഭിവന്ദ്യ സൂസപാക്യം പിതാവ്,ഇപ്പോഴത്തെ മെത്രോപ്പോലീത്തയായ തോമസ് ജെ നെറ്റോ,സഹായമെത്രാൻ ക്രിസ്തുദാസ് തുടങ്ങി ഭൂരിപക്ഷം പുരോഹിതൻമാരും കടലിന്റെ മക്കളാണ്.ഇപ്പോൾ പട്ടം കിട്ടുന്ന ഫ്രെഡി വർഗ്ഗീസും,റീഗൻ ചാൾസും മാർത്താണ്ഡം തുറൈ തീരത്തു നിന്നുമാണ്.കൊച്ചുതുറ തീരത്തു നിന്നും ഗോഡ്വിൻ വരുന്നു..സഫീൻ ഇഷാൻ ഗില്ലീസ് കൊല്ലംകോട് തീരത്തു നിന്നുമാണ്.മരിയ കിജോ.സിയും,റോബിൻ കെ.യും തമിഴ്നാട്ടിലെ തൂത്തൂർ തീരത്തു നിന്നുമാണ്.സിൽവദാസൻ പള്ളം തീരത്തു നിന്നും,സ്റ്റാലിൻ ടോം തുമ്പ തീരത്തുനിന്നുമാണ് പൗരോഹിത്യപട്ടത്തിലേക്കു വരുന്നത്.പെരിങ്ങമ്മലയിൽ നിന്നുമുള്ള സന്തോഷ് കുമാറാണ് പൗരോഹിത്യം സ്വീകരിക്കുന്ന മറ്റൊരു ഡീക്കൻ.




# 'ക്രാക് ദ എൻട്രൻസ്' : കൈറ്റ് വിക്ടേഴ്സിൽ എൻട്രൻസ് പരീക്ഷാ പരിശീലനം

മെഡിക്കൽ എൻജിനിയറിങ് പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായി വീഡിയോ ക്ലാസുകളും ഇന്ററാക്ടീവ് പോർട്ടലും ഉൾപ്പെടുന്ന 'ക്രാക് ദ എൻട്രൻസ്' പരിപാടി കൈറ്റ് വിക്ടേഴ്സ് നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി കൈറ്റ് വിക്ടേഴ്സിൽ ഇന്ന് (ഏപ്രിൽ 3) രാത്രി 7 മണി മുതൽ ക്ലാസുകൾ സംപ്രേഷണം ചെയ്യും. ഇതോടൊപ്പം കുട്ടികൾക്ക് പരിശീലനത്തിന് entrance.kite.kerala.gov.in എന്ന പ്ലാറ്റ്ഫോമും ഉണ്ടായിരിക്കും. ചോദ്യാവലികൾ, അസൈൻമെന്റുകൾ, മോക് ടെസ്റ്റ് എന്നിവ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയായിരിക്കും. ഒരു ചോദ്യത്തിന്റെ ഉത്തരത്തിന് നൽകുന്ന ഓപ്ഷനുകളിലൂടെ മറ്റ് നാല് ആശയങ്ങൾ കൂടി പഠിക്കുന്ന തരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. പഴയ ചോദ്യപേപ്പറുകളുടെ ഉത്തരങ്ങൾക്കൊപ്പം പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിയാവും അവതരിപ്പിക്കുക.

രാത്രി 7 മണി മുതൽ 11 മണി വരെ യഥാക്രമം കണക്ക്, ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിങ്ങനെയാണ് ക്ലാസുകൾ. ഇതേ ക്രമത്തിൽ അടുത്ത ദിവസം രാവിലെ 7 മണി മുതൽ 11 മണി വരെയും ഉച്ചയ്ക്ക് 1 മണി മുതൽ 5 മണി വരെയും രണ്ടു തവണ പുനഃസംപ്രേഷണം ഉണ്ടാവും.

ഓരോ വിഷയത്തിനും ഒരു മണിക്കൂർ വീതമുള്ള 30 മണിക്കൂർ ക്ലാസുകളാണ് (മൊത്തം 120 മണിക്കൂർ) ടെലികാസ്റ്റ് ചെയ്യുക.

ഓരോ ക്ലാസും ടെലികാസ്റ്റ് ചെയ്യുന്നതനുസരിച്ചായിരിക്കും മോക്ക് ടെസ്റ്റും അസൈൻമെന്റും നൽകുക. സ്കോർ നോക്കി കുട്ടികൾക്ക് മെച്ചപ്പെടാനുള്ള അവസരം ഉണ്ട്.

കൈറ്റ് വിക്ടേഴ്സ് ചാനലിലും യൂട്യൂബിലും പരിപാടികൾ എല്ലാവർക്കും കാണാം.

സർക്കാർ-എയിഡഡ് സ്കൂളുകളിലെ ഈ വർഷം പ്ലസ് ടു പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂൾ അഡ്മിഷൻ നമ്പറും ജനന തീയതിയും നൽകി പോർട്ടൽ ഉപയോഗിക്കാമെന്ന് കൈറ്റ് സി.ഇ.ഒ കെ.അൻവർ സാദത്ത് അറിയിച്ചു.

# സ്വർണവ്യാപാരിയെ ബന്ദിയാക്കി ഒരു ലക്ഷം രൂപ കവർന്നു

തലശേരി: നഗരമധ്യത്തിൽ പട്ടാപ്പകൽ നാലംഗസംഘം സ്വർണവ്യാപാരിയെ ബന്ദിയാക്കി പണം കവർന്നു. വ്യാപാരിയുടെ കൈയിലുണ്ടായിരുന്ന കടകളിൽ വിതരണം ചെയ്യേണ്ട സ്വർണാഭരണങ്ങൾ തട്ടിയെടുക്കാനുള്ള ശ്രമത്തെ വ്യാപാരി ചെറുത്തു തോൽപ്പിച്ചു.

കഴിഞ്ഞ ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് പുതിയ ബസ് സ്റ്റാൻഡിൽ എം ആർഎ ബേക്കറിക്ക് സമീപമാണ് സംഭവം. എറണാകുളം സ്വദേശിയായ സ്വർണ വ്യാപാരി കണ്ണൂരിൽ സ്വർണാഭരണങ്ങൾ നൽകിയ ശേഷം തലശേരിയിലെ വ്യാപാര സ്ഥാപനങ്ങളിൽ ആഭരണങ്ങൾ നൽകുന്നതിനായി തലശേരി പുതിയ ബസ് സ്റ്റാൻഡിൽ ബസിറങ്ങിയപ്പോഴാണ് അക്രമത്തിനിരയായത്.

ബസിറങ്ങി നടക്കുന്നതിനിടെ രണ്ട് പേർ ചേർന്ന് തോളത്ത് കൈയിട്ട് ബ്രദേഴ്സ് ലൈനിലെ ഇടവഴിയിലേക്ക് ബലമായി കൂട്ടിക്കൊണ്ടുപോകുകയായിരുന്നു. അവിടെ കാത്തുനിന്ന രണ്ടു പേരും ചേർന്ന് വ്യാപാരിയെ വളഞ്ഞു.

ആഭരണം തട്ടിപ്പറിക്കാൻ ശ്രമിച്ചപ്പോൾ വ്യാപാരി ചെറുത്തു.

ഇതിനിടയിലാണ് സ്വർണം വേണ്ട പണം മതി എന്ന നിർദേശം അക്രമിസംഘം മുന്നോട്ട് വച്ചത്. വ്യാപാരിയുടെ കൈയിൽ ഉണ്ടായിരുന്ന 70, 000 രൂപ നൽകിയെങ്കിലും സംഘം തൃപ്തരായില്ല. തുടർന്ന് വ്യാപാരി നഗരത്തിലെ പ്രമുഖ ജ്വല്ലറിയിൽ നിന്നു 30, 000 രൂപ കൂടി വരുത്തി നൽകിയ ശേഷമാണ് വ്യാപാരിയെ മോചിപ്പിച്ചത്. പോലീസിൽ പരാതി നൽകിയാൽ ഇനി സ്വർണം വില്ക്കാൻ കണ്ണൂർ ജില്ലയിലേക്ക് വരേണ്ടി വരില്ലെന്നും സംഘം വ്യാപാരിക്ക് താക്കീത് നൽകി.

ഭയന്ന വ്യാപാരി നഗരത്തിലെ ജ്വല്ലറി ഉടമകൾ നിർബന്ധിച്ചിട്ടും പരാതി നൽകാൻ തയാറാകാതെ സ്ഥലം വിട്ടു. ജ്വല്ലറിയിൽ നിന്നും പണം എത്തിച്ച സെയിൽസ്മാനിൽ നിന്നു രണ്ട് പേർ ചേർന്നാണ് പണം കൈപ്പറ്റിയത്. മറ്റ് രണ്ട് പേർ വ്യാപാരിയെ ബന്ദിയാക്കിയിരിക്കുകയായിരുന്നു.

## കേസിനെ സർക്കാർ ലാഘവബുദ്ധിയോടെ കണ്ടു: എ.കെ.എം. അഷ്റഫ് എംഎൽഎ

മഞ്ചേശ്വരം: റിയാസ് മൗലവി വധക്കേസിൽ പ്രതികളെ വെറുതെവിട്ട കോടതിവിധി നിരാശാജനകമാണെന്നും ഇത്രയും പ്രാധാന്യമുള്ള കേസിനെ സംസ്ഥാന സർക്കാർ ലാഘവത്തോടെയാണ് കണ്ടതെന്നും എ.കെ.എം. അഷ്റഫ് എംഎൽഎ പറഞ്ഞു.

വലിയൊരു കലാപം സൃഷ്ടിക്കാനുള്ള ശ്രമത്തിൻറെ ഭാഗമായി യാതൊരു കുറ്റവും ചെയ്യാത്ത ഒരു മനുഷ്യനെ അർധരാത്രിയിൽ പള്ളിയിൽ കയറി കൊലപ്പെടുത്തിയ കേസിനെ നിസാരമായി തള്ളിക്കളയാനാവില്ല.

എന്നാൽ പോലീസിനും പ്രൊസിക്യൂഷനും തുടക്കം മുതലേ വീഴ്ച പറ്റിയതിൻറെ തെളിവാണ് കോടതിവിധി. കേസിൻറെ ഗൂഢാലോചന അന്വേഷിക്കാൻ ആദ്യഘട്ടം മുതൽ തന്നെ പോലീസ് തയ്യാറാവാത്തത് സംശയാസ്പദമാണ്. പ്രതികൾക്ക് മേൽ യുഎപിഎ ചുമത്താൻ ആദ്യം മുതലേ ആവശ്യമുന്നയിച്ചിട്ടും സർക്കാർ അതിലും അലംഭാവം കാണിക്കുകയായിരുന്നു. തെളിവുകളും രേഖകളും ധാരാളമുണ്ടായിട്ടും കോവിഡ്, ജഡ്ജിമാരുടെ സ്ഥലം മാറ്റം തുടങ്ങി പല കാരണങ്ങളും പറഞ്ഞ് കേസ് നീണ്ടുപോയി. നീതിയുടെ വാതിലുകൾ അടഞ്ഞു പോയിട്ടില്ലെന്നും ഇതിനായി ആക്ഷൻ കമ്മിറ്റിക്കും കുടുംബത്തിനുമൊപ്പം മുന്നോട്ടുപോവുമെന്നും എംഎൽഎ പറഞ്ഞു.

# പകൽ സെയിൽസ് എക്സിക്യൂട്ടീവ്, രാത്രി മോഷണം; പ്രതി പിടിയിൽ

കാഞ്ഞങ്ങാട്: പകൽനേരങ്ങളിൽ വീടുവീടാന്തരം കയറിയിറങ്ങി സാധനങ്ങൾ വില്പന നടത്തുന്ന സെയിൽസ് എക്സിക്യൂട്ടീവായെത്തി ചുറ്റുപാടുകൾ കണ്ടുമനസിലാക്കി രാത്രിയിൽ മോഷണം നടത്തുന്ന യുവാവ് പിടിയിൽ. ജനുവരി 25ന് ചേറ്റുകുണ്ടിലെ രമ്യയുടെ വീട്ടിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ടാണ് തിരുവനന്തപുരം പോത്തൻകോട് സ്വദേശി മുഹമ്മദ് അബ്ദുൾ ഹാദി (24) പിടിയിലായത്. സംഭവത്തിനുശേഷം മറ്റൊരു കവർച്ച കേസിൽ അറസ്റ്റിലായി സേലത്തെ ജയിലിൽ കഴിയുകയായിരുന്നു.

വീടിൻറെ ജനാലയ്ക്കുള്ളിലൂടെ മരവടി കടത്തി മേശപ്പുറത്തു വച്ചിരുന്ന ബാഗ് എടുത്താണ് അതിനുള്ളിലുണ്ടായിരുന്ന 1,81,500 രൂപ വില വരുന്ന സ്വർണമാലയും കാൽ പവൻ തൂക്കം വരുന്ന സ്വർണമോതിരവും 1500 രൂപയും കവർന്നത്. പൈജാമയും വെളുത്ത തലപ്പാവും ധരിച്ചെത്തിയ മോഷ്ടാവിൻറെ ദൃശ്യങ്ങൾ കവർച്ച നടന്ന വീട്ടിലെയും ബേക്കൽ കോട്ടക്കുന്നിലെ ചായക്കടയിലെയും സിസിടിവി കാമറകളിൽ പതിഞ്ഞിരുന്നു. ഈ ദൃശ്യങ്ങൾ സംസ്ഥാന വ്യാപകമായി പോലീസ് പ്രചരിപ്പിച്ചതോടെയാണ് പ്രതിയെ തിരിച്ചറിഞ്ഞത്.

പകൽ നേരങ്ങളിൽ പാൻറ്സും ഷർട്ടും ധരിച്ച് എക്സിക്യൂട്ടീവ് ആയി എത്തുന്ന പ്രതി രാത്രിയിൽ ആളെ തിരിച്ചറിയാതിരിക്കാൻ പൈജാമയും തലപ്പാവും ധരിക്കുകയായിരുന്നു. പ്രതിയുടെ ദൃശ്യങ്ങൾ ലഭിച്ചതോടെ ആലപ്പുഴ പോലീസ് സ്റ്റേഷനിൽ നിന്നാണ് ഇയാൾ തിരുവനന്തപുരം സ്വദേശി അബ്ദുൾ ഹാദിയാണെന്നും ആലപ്പുഴയിലെ ഒരു പോലീസ് ഉദ്യോഗസ്ഥൻറെ കാർ കവർന്ന കേസിലെ പ്രതിയാണെന്നും തിരിച്ചറിഞ്ഞത്.

ആലപ്പുഴ പോലീസും ഇയാൾക്കു വേണ്ടിയുള്ള അന്വേഷണത്തിലായിരുന്നു. തിരുവനന്തപുരം ജില്ലയിലെ ഒട്ടേറെ സ്റ്റേഷനുകളിലും ഇയാൾക്കെതിരേ കേസുകളുണ്ട്. ഇതോടെ ഇയാൾ വടക്കൻ കേരളത്തിലെത്തി കണ്ണൂർ കേന്ദ്രമായ സ്വകാര്യ കമ്പനിയുടെ സെയിൽസ് എക്സിക്യൂട്ടീവായി കഴിയുകയായിരുന്നു. കവർച്ചാശീലം ഉപേക്ഷിച്ചതുമില്ല.

സാധനങ്ങൾ വില്പന നടത്തുന്നതിനോടൊപ്പം ആകർഷകമായ പെരുമാറ്റത്തിലൂടെ വീട്ടുവിശേഷങ്ങളും ചോദിച്ചറിയുകയായിരുന്നു രീതി. അധികം ആളുകളില്ലാത്തതും പുരുഷന്മാരില്ലാത്തതുമായ വീടുകൾ തെരഞ്ഞെടുത്തായിരുന്നു മോഷണം. ചേറ്റുകുണ്ടിൽ കവർച്ച നടന്ന വീട്ടിലും തൊട്ടുമുമ്പത്തെ ദിവസം ഇയാൾ സാധനങ്ങൾ വില്പന നടത്തിയിരുന്നു. 25ന് രാത്രി കോട്ടക്കുന്നിലെ തട്ടുകടയിൽനിന്ന് ചായ കുടിച്ചതിനുശേഷമാണ് ഓട്ടോറിക്ഷയിൽ കയറി ഈ വീട്ടിലേക്ക് വീണ്ടുമെത്തിയത്. ആരെങ്കിലും കണ്ടാലും തിരിച്ചറിയാതിരിക്കാനാണ് വേഷം മാറിയത്. പന്നീട് സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോഴും തൊട്ടുമുമ്പത്തെ ദിവസം വീട്ടിലെത്തിയ സെയിൽസ് എക്സിക്യൂട്ടീവാണ് ഇതെന്ന് ആരും തിരിച്ചറിഞ്ഞിരുന്നില്ല.

പ്രതി അബ്ദുൾ ഹാദിയാണെന്ന് തിരിച്ചറിഞ്ഞതോടെ ആലപ്പുഴ പോലീസിൽ നിന്നും ലഭിച്ച ഇയാളുടെ ഫോൺ നമ്പർ കേന്ദ്രീകരിച്ചായിരുന്നു തുടർന്നുള്ള അന്വേഷണം. ചേറ്റുകുണ്ടിലെ കവർച്ചയ്ക്കു ശേഷം ബംഗളൂരുവിലും പിന്നീട് തമിഴ്നാട്ടിലുമാണ് നമ്പറിൻറെ ലൊക്കേഷൻ കാണിച്ചത്. ഏറ്റവുമൊടുവിൽ കാണിച്ച സേലത്തെ പോലീസുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോഴാണ് അവിടുത്തെ വിദേശമദ്യ വില്പനശാലയിൽനിന്നും മദ്യം മോഷ്ടിച്ച കേസിൽ ഇയാൾ റിമാൻഡിലാണെന്ന് അറിഞ്ഞത്.

ബേക്കൽ പോലീസ് സേലത്തെത്തി ഹാദിയുടെ അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം ഇയാളെ ഏറ്റുവാങ്ങി ബേക്കലിലെത്തിച്ചു. വരുംദിവസങ്ങളിൽ മറ്റു കേസുകളിലും അറസ്റ്റ് രേഖപ്പെടുത്തും.

## ടാറിംഗ് നടത്തി മൂന്നാംനാൾ റോഡ് തകർന്നു; അഴിമതിയെന്ന് ആരോപണം

ആലക്കോട്: ഉദയഗിരി പഞ്ചായത്ത് പത്താം വാർഡിലെ മണക്കടവ്പള്ളിപ്പടികുരിശുമല റോഡ് ടാറിംഗ് നടത്തി മൂന്നാം നാൾ തകർന്ന നിലയിൽ. പ്രവൃത്തിക്ക് പിന്നാലെയാണ് റോഡ് തകർന്നത്.

ആളുകൾ നടന്നു പോയാൽ പോലും ടാറിംഗ് ഇളകി പോകുന്ന ശോച്യാവസ്ഥയാണ്. ടാറിംഗ് പ്രവൃത്തിയിലെ അഴിമതിയാണ് റോഡ് തകരാൻ കാരണമെന്നാണ് നാട്ടുകാരുടെ ആരോപണം.

2017 ൽ വയലാർ രവി എംപി യുടെ പ്രദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമിച്ച റോഡ് തകർന്നതോടെയാണ് പഞ്ചായത്ത് റോഡിനു തുക അനുവദിച്ച് പണി നടത്തിയത്. ഇന്നലെ മുതൽ ചെറുവാഹനങ്ങളോ, ബൈക്കുകളോ ഈ വഴി പോയാൽ റോഡിൽ താഴുന്ന സ്ഥിതിയാണുള്ളത്.

## കൊടുംചൂടിൽ വലഞ്ഞ് സംസ്ഥാനം; വൈദ്യുതി ഉപയോഗം വീണ്ടും സർവകാല റിക്കാർഡിൽ

തിരുവനന്തപുരം: സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം വീണ്ടും സർവകാല റിക്കാർഡിലെത്തി. തിങ്കളാഴ്ച 104.82 ദശലക്ഷം യൂണിറ്റാണ് മൊത്ത വൈദ്യുതി ഉപയോഗം.

കഴിഞ്ഞ മാസം 27ന് കുറിച്ച 104.63 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ റിക്കാർഡാണ് തിങ്കളാഴ്ചമറികടന്നത്.അതേസമയം പീക്ക് സമയത്തെ വൈദ്യുതി ഉപയോഗത്തിലും വർധന രേഖപ്പെടുത്തി. തിങ്കളാഴ്ച വൈകുന്നേരം ആറു മുതൽ 11 വരെ 5,265 മെഗാവാട്ട് വൈദ്യുതിയാണ് ഉപയോഗിച്ചത്.

അന്തരീക്ഷ താപനില ക്രമാതീതമായി വർധിക്കുന്നതിനെത്തുടർന്ന് സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം കുതിച്ചുയർന്നിരിക്കുകയാണ്. ഉപയോഗം കൂടുമ്പോൾ അമിത വിലയ്ക്ക് 300 മുതൽ 600 മെഗാവാട്ട് വരെ വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്ന് വാങ്ങിയാണ് കെഎസ്ഇബി പ്രതിസന്ധി ഒഴിവാക്കുന്നത്.

## പേരിൽ വനിതാ വ്യവസായകേന്ദ്രം; നിലവിൽ മാലിന്യസംഭരണകേന്ദ്രം

എടക്കുളം: വനിതാശാക്തീകരണം ലക്ഷ്യമാക്കി ഉദ്ഘാടനംചെയ്ത വ്യവസായകേന്ദ്രം മൂന്നരവർഷമായിട്ടും പ്രവർത്തനമാരംഭിച്ചില്ല.കെ.യു. അരുണൻ എംഎൽഎയുടെ ആസ്തിവികസനഫണ്ടുപയോഗിച്ച് നിർമാണം പൂർത്തിയാക്കിയ പൂമംഗലം പഞ്ചായത്തിലെ വനിതാ വ്യവസായകേന്ദ്രമാണ് ഉദ്ഘാടനംകഴിഞ്ഞ് മൂന്നരവർഷം പിന്നിട്ടിട്ടും ഒരു സംരംഭംപോലും തുടങ്ങാനാകാതെ കിടക്കുന്നത്. 2020 സെപ്റ്റംബറിലാണ് 24 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ചകേന്ദ്രം ഉദ്ഘാടനംചെയ്തത്. മൂന്നരവർഷമായിട്ടും വ്യവസായകേന്ദ്രത്തിലേക്കാവശ്യമായ ത്രീഫേസ് വൈദ്യുതി എത്തിക്കാൻ കഴിയാത്തതായിരുന്നു തുറക്കാനുള്ള തടസമായിരുന്നത്.

മേഖലയിലെ ഹരിതകർമസേനാംഗങ്ങൾ വീടുകളിൽ നിന്ന് കൊണ്ടുവരുന്ന പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ തരംതിരിക്കുന്ന സെൻററായി വ്യവസായകേന്ദ്രം മാറി. കെട്ടിടത്തിനകത്തും പുറത്തും ചാക്കുകളിലാക്കി പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുകയാണ്. അടിയന്തരമായി വ്യവസായകേന്ദ്രം തുറന്നുപ്രവർത്തിപ്പിക്കാൻ പഞ്ചായത്ത് നടപടിയെടുക്കണമെന്നാണ് ജനങ്ങളുടെ ആവശ്യം.

## ഭക്ഷ്യസുരക്ഷാവകുപ്പിൻറെ റെയ്ഡിൽ പഴകിയ ഭക്ഷണങ്ങൾ പിടിച്ചെടുത്തു

നെന്മാറ: നെന്മാറ വല്ലങ്ങി വേലയോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷ എൻഫോഴ്സ്മെൻറ് അധികൃതർ ഭക്ഷണശാലകളിൽ പരിശോധന നടത്തി.

നെന്മാറ സാമൂഹികാരോഗ്യ കേന്ദ്രത്തിൻറെയും ഗ്രാമപഞ്ചായത്തിൻറെയും സംയുക്ത ആഭിമുഖ്യത്തിലാണ് കഴിഞ്ഞ മൂന്നുദിവസമായി പരിശോധന നടത്തിയത്.

മേഖലയിലെ 39 സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ ഒരു ഹോട്ടലിൽനിന്നും പഴകിയ മത്സ്യമാംസാദികൾ കണ്ടെത്തി. തൽസമയം നശിപ്പിക്കുകയും 24 മണിക്കൂർ നേരത്തേക്ക് കട അടച്ചിടാനും കടയും പരിസരവും വൃത്തിയാക്കി അധികാരികളെ ബോധ്യപ്പെടുത്തി കട തുറന്നാൽ മതിയെന്നും നോട്ടീസ് നൽകി.

വേലയോടനുബന്ധിച്ച് വരും ദിവസങ്ങളിലും മേഖലയിൽ ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെൻറിൻറെ പരിശോധന തുടരും. നെന്മാറ സാമൂഹികാരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ പി. പ്രദീപ്, ജെഎച്ച്ഐമാരായ രഞ്ജിത്ത്, അരുൺകുമാർ, അജനീഷ്, പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ സഹന റെയ്ഡിനു നേതൃത്വം നൽകി.

# എൻഡോസൾഫാൻ ഇരകൾ രാപ്പകൽ നിരാഹാര സമരത്തിന്

കാഞ്ഞങ്ങാട്: പട്ടികയിൽ നിന്നും ഒഴിവാക്കിയ 1031 പേരെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷന് മുന്നിൽ അമ്മമാരുടെ നേതൃത്വത്തിൽ നടത്തിവരുന്ന സമരം രണ്ട് മാസം പിന്നിടുമ്പോഴും സർക്കാർ കേൾക്കാൻ തയ്യാറാവാത്ത സാഹചര്യത്തിൽ സമരം കടുപ്പിക്കാൻ സമരസമിതി തീരുമാനിച്ചു.

മെയ് 10 ന് അമ്മമാരുടെ അനിശ്ചിതകാല രാപ്പകൽ നിരാഹാര സമരം ആരംഭിക്കും. സമരം ചെയ്യുന്നവരുമായി ചർച്ച ചെയ്യാനുള്ള അവസരം പോലും നിഷേധിക്കുന്ന അധികാര ധാർഷ്ഠ്യത്തെ എന്തു വിലകൊടുത്തും നേരിടുമെന്ന് യോഗം തീരുമാനിച്ചു. 1031 പേരും പട്ടികയിൽ ഇടം പിടിച്ചവരാണന്നറിയാമെന്ന ഔദ്യോഗിക ഭാഷ്യം സത്യമാണന്നതു കൊണ്ടു മാത്രമാണ് ചർച്ച ചെയ്യാൻ അവസരമുണ്ടാക്കതെന്ന് യോഗം വിലയിരുത്തി.

സുപ്രീം കോടതി വിധിയനുസരിച്ച് നഷ്ടപരിഹാരം കമ്പനി അല്ലെങ്കിൽ കേന്ദ്രസർക്കാർ നൽകണമെന്നത് അടിവരയിട്ടു പറയുന്നുണ്ടെങ്കിലും അതിനു വേണ്ടി കേരള സർക്കാർ കോടതിയെ സമീപിക്കാതെ എണ്ണം കുറച്ച് വിഷം വിതയ്ക്കുന്ന കമ്പനികളെ രക്ഷിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നതെന്ന് സമരസമിതി ആരോപിച്ചു.അന്താരാഷ്ട്രമാനമുള്ള കീടനാശിനി മാഫിയകളെ ചെറുക്കാൻ സമൂഹമൊന്നടങ്കം മുന്നോട്ടു വരണമെന്ന് സമരസമിതി അഭ്യർഥിച്ചു.

സമരസഹായസമിതി ചെയർമാൻ എ. ഹമീദ് ഹാജി അധ്യക്ഷത വഹിച്ചു. പ്രമീള ചന്ദ്രൻ, മോഹനൻ കുശാൽ നഗർ, ശിവകുമാർ എൻമകജെ, ജയന്തി കൊടക്കാട്, സീതി ഹാജി, സതി, മനോജ് ഒഴിഞ്ഞവളപ്പ്,

തമ്പാൻ പുതുക്കൈ, കുമാരൻ കടാങ്കോട്, ശ്രീധരൻ മടിക്കൈ, ശാരദ മധൂർ, ബേബി അമ്പിളി, സരസ്വതി അജാനൂർ, ബിന്ദു കാഞ്ഞങ്ങാട്, പുഷ്പ ഭീമനടി, അവ്വമ്മ, ഭവാനി എന്നിവർ പ്രസംഗിച്ചു. അമ്പലത്തറ കുഞ്ഞികൃഷ്ണൻ സ്വാഗതവും എം.കെ. അജിത നന്ദിയും പറഞ്ഞു.

## ധനവകുപ്പിൻറെ സർക്കുലറിനെതിരേ യുഡിഎഫ് പ്രതിഷേധസംഗമം

ഷൊർണൂർ: തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ട് പിടിച്ചെടുക്കാനുള്ള നീക്കം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് യുഡിഎഫ് അംഗങ്ങൾ പട്ടാമ്പിയിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു.തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ട് പിടിച്ചെടുക്കാനുള്ള നീക്കം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടാമ്പി നഗരസഭയിലെ യുഡിഎഫ് ജനപ്രതിനിധികളാണ് പ്രതിഷേധിച്ചത്. പട്ടാമ്പി നഗരസഭാ ഓഫീസിനു മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മയിൽ കോൺഗ്രസ് പാർലിമെൻററി പാർട്ടി ലീഡർ കെ.ആർ. നാരായണ സ്വാമി അധ്യക്ഷനായി.

മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറിയും മുസ്ലിം ലീഗ് പാർലിമെൻററി പാർട്ടി ലീഡറുമായ സി.എ. സാജിത് ഉദ്ഘാടനം ചെയ്തു. കൗൺസിലർമാരായ സി.സംഗീത, സി.എ. റാസി, കെ.ബഷീർ, സൈതലവി വടക്കേതിൽ, മുസ്തഫ പറമ്പിൽ, പ്രമീള ചോലയിൽ, തുടങ്ങിയവർ നേതൃത്വം നൽകി. കെ.പി അൻവർ, യാസർ വലിയ പറമ്പിൽ പ്രസംഗിച്ചു.

## ഉമ്മൻ ചാണ്ടിയും പുതുപ്പള്ളിയും തമ്മിലുള്ളത് മരണമില്ലാത്ത ബന്ധം: മറിയാമ്മ ഉമ്മൻ

കൂരോപ്പട: പുതുപ്പള്ളിയും ഉമ്മൻ ചാണ്ടിയും തമ്മിൽ വേർപിരിയാത്ത ബന്ധമാണെന്ന് മറിയാമ്മ ഉമ്മൻ. യുഡിഎഫ് കൂരോപ്പട മണ്ഡലം കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

ജീവിച്ചിരുന്ന ഉമ്മൻ ചാണ്ടിയും ജനങ്ങളും തമ്മിൽ ഉണ്ടായിരുന്ന അഭേദ്യബന്ധം ഉമ്മൻ ചാണ്ടിയുടെ മരണശേഷവും തുടരുകയാണെന്ന് മറിയാമ്മ പറഞ്ഞു. ഫ്രാൻസിസ് ജോർജിൻറെ വിജയം സുനിശ്ചിതമാണെന്നും മറിയാമ്മ കൂട്ടിച്ചേർത്തു.

സമ്മേളനത്തിൽ മണ്ഡലം കൺവീനർ സാബു സി. കുര്യൻ അധ്യക്ഷത വഹിച്ചു. നേതാക്കളായ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, ചാണ്ടി ഉമ്മൻ എംഎൽഎ, സ്ഥാനാർഥി അഡ്വ. ഫ്രാൻസിസ് ജോർജ്, ജോഷി ഫിലിപ്പ്,

രാധാ വി. നായർ, കെ. കെ. രാജു, ടി. എം. ആൻറണി, സാജു എം. ഫിലിപ്പ്, അനിൽ കൂരോപ്പട, കുഞ്ഞ് പുതുശേരി, കെ. കെ. അപ്പുക്കുട്ടൻ നായർ, എം. പി. അന്ത്രയോസ്, സന്ധ്യാ സുരേഷ് തുടങ്ങിയവർ പ്രസംഗിച്ചു.

## പെരുമ്പാവൂരിൽ ടോറസ് ബൈക്കിലിടിച്ചു; പിതാവിനും മകൾക്കും ദാരുണാന്ത്യം

കൊച്ചി: എറണാകുളം പെരുമ്പാവൂർ താന്നിപ്പുഴയിൽ ടോറസ് ലോറി ബൈക്കിലിടിച്ച് പിതാവും മകളും മരിച്ചു. കറുകടം കുന്നശേരിൽ കെ. ഐ. എൽദോ (52), മകൾ ബ്ലെസി എന്നിവരാണ് മരിച്ചത്. ാവിലെ 7.45 ഓടെ പെരുമ്പാവൂർ കാലടി റൂട്ടിൽ താന്നിപ്പുഴ പള്ളിപ്പടിക്കു സമീപമാണ് അപകടം. മകളെ അങ്കമാലി റെയിൽവേ സ്റ്റേഷനിലാക്കാൻ പോകുകയായിരുന്നു എൽദോ. ഇവർ സഞ്ചരിച്ചിരുന്ന ബൈക്കിന് പിന്നിൽ ടിപ്പർ ലോറി ഇടിക്കുകയായിരുന്നു. തെറിച്ചുവീണ ഇരുവരുടേയും ശരീരത്തിലൂടെ ടിപ്പർ കയറിയിറങ്ങി. ടിപ്പർ ബൈക്കിലിടിച്ച ശേഷം 10 മീറ്ററോളം മുന്നിലേക്ക് നിരങ്ങിനീങ്ങിയ ശേഷമാണ് നിന്നത്. ബ്ലെസി സംഭവസ്ഥലത്തും എൽദോ ആശുപത്രിയിലേക്കുള്ള വഴിമധ്യേയുമാണ് മരിച്ചത്. ബ്ലെസിയുടെ മൃതദേഹം പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിലും എൽദോയുടേത് അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രി മോർച്ചറിയിലും സൂക്ഷിച്ചിരിക്കുകയാണ്. പാലക്കാട് കൃഷി അസിസ്റ്റൻറാണ് എൽദോ. അങ്കമാലിയിലെ സ്വകാര്യ നഴ്സിംഗ് കോളജിൽ വിദ്യാർഥിനിയാണ് ബ്ലെസി. സംഭവത്തിൽ ടിപ്പർ ഡ്രൈവറെ പോലീസ് കസ്റ്റഡിയിലെടുത്തു.

## പാലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച രണ്ടുപേരെ അറസ്റ്റ് ചെയ്തു

ചിങ്ങവനം: പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ രണ്ടുപേരെ അറസ്റ്റ് ചെയ്തു. കറുകച്ചാൽ മാന്തുരുത്തി വെട്ടിക്കാവുങ്കൽ വി.ജെ. ഷിജു (29), ചിറക്കടവ് തെക്കേപെരുമഞ്ചേരിൽ വിപിൻ വേണു (32) എന്നിവരെയാണ് ചിങ്ങവനം പോലീസ് അറസ്റ്റ് ചെയ്തത്.ഇവർ കഴിഞ്ഞദിവസം നാട്ടകത്ത് പ്രവർത്തിക്കുന്ന ഹോട്ടലിൽ റൂമെടുക്കുകയും തുടർന്ന് പുലർച്ചെ മദ്യലഹരിയിൽ ഇവിടത്തെ ഗ്ലാസ് തല്ലിത്തകർക്കുകയുമായിരുന്നു.വിവരമറിഞ്ഞ് ചിങ്ങവനം പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയപ്പോൾ ഇരുവരും പോലീസ് ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യുകയുമായിരുന്നു. തുടർന്ന് കൂടുതൽ പോലീസ് എത്തിയാണ് ഇവരെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇരുവരെയും റിമാൻഡ് ചെയ്തു.

## ദാഹജലംതേടി എത്തുന്ന വന്യജീവികൾക്ക് വഴിയൊരുക്കി ദേശീയ ഹരിതസേനാംഗങ്ങൾ

മലമ്പുഴ: ദേശീയ ഹരിത സേന പാലക്കാട് കേരള വനം വകുപ്പുമായി സഹകരിച്ച് മലമ്പുഴ കവ വഴി വന്യജീവികൾ വെള്ളം തേടി വരുന്ന വഴികൾ പ്ലാസ്റ്റിക് മുക്തമാക്കുന്ന യജ്ഞം കഴിഞ്ഞ ദിവസം സംഘടിപ്പിച്ചു.പരിപാടിയിൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി നടത്തിയ ജില്ലാ തല പരിസ്ഥിതി ക്വിസ് പോസ്റ്റർ രചന മത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്കുള്ള സമ്മാനദാനവും നടന്നു.ദേശീയ ഹരിത സേന ജില്ലാ കോഓർഡിനേറ്റർ എസ്.ഗുരുവായൂരപ്പൻ, അസി.കോഓർഡിനേറ്റർ അജേഷ് മാഷ് കോട്ടായി, അപ്പുണ്ണി ഏട്ടൻ വായനശാല ലൈബ്രേറിയൻ വി. ചിത്ര, സാമൂഹ്യപ്രവർത്തകൻ കെ. കാദർ മൊയ്തീൻ, സരിത ടീച്ചർ, സിൻസി ടീച്ചർ, പാലക്കാട് നവോദയ വിദ്യാലയത്തിലെ ഹരിത സേനാ വിദ്യാർഥികൾ, വായനശാല ഗ്രീൻ ആർമി കുട്ടികൾ എന്നിവർ പങ്കെടുത്തു.

കാട്ടിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്ന് കാടിനെ രക്ഷിക്കേണ്ടതിനെക്കുറിച്ച് ബീറ്റ്ഫോറസ്റ്റ് ഓഫീസർമാരായ പി.ജി. ആനന്ദ്, എച്ച്.സി. ജിജു എന്നിവർ ബോധവത്ക്കരണ ക്ലാസ് എടുത്തു.

# ജില്ലയിൽ കടലേറ്റത്തിന് ശമനമായി; മുണ്ടയ്ക്കലിൽ കേന്ദ്രസംഘം എത്തി

കൊല്ലം: കൊല്ലം നഗരത്തിലെ തീരമേഖലയിൽ കള്ളക്കടൽ പ്രതിഭാസത്താൽ നാശനഷ്ടമുണ്ടായ പ്രദേശങ്ങൾ കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന് കീഴിലുള്ള ഫിഷറീസ് സർവേ ഓഫ് ഇന്ത്യ ഉദ്യോഗസ്ഥർ സന്ദർശിച്ചു. വീടുകൾ ഉൾപ്പടെയുള്ള കെട്ടിടങ്ങൾക്കുണ്ടായ നാശനഷ്ടം തിട്ടപ്പെടുത്തുന്നതിനായാണ് സംഘം എത്തിയത്. ഇന്നലെ സ്ഥലം സന്ദർശിച്ച എൻഡിഎ സ്ഥാനാർഥി ജി. കൃഷ്ണകുമാർ കടലാക്രമണത്തിൽ പ്രദേശവാസികൾ അനുഭവിക്കുന്ന ദുരിതത്തെക്കുറിച്ച് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാലയെ അറിയിച്ചിരുന്നു. മുണ്ടയ്ക്കൽ, വെടിക്കുന്ന്, ആരാധനാനഗർ എന്നിവിടങ്ങളിൽ കടലാക്രമണത്തിൽ തകർന്ന വീടുകൾ സംഘം സന്ദർശിച്ചു.

സ്ഥലത്തെത്തിയ ഉദ്യോഗസ്ഥരോട് പ്രദേശവാസികൾ തങ്ങളുടെ വീടുകൾക്കുണ്ടായ നാശനഷ്ടത്തെക്കുറിച്ചും, രൂക്ഷമായ കടലാക്രമണം ജീവനും സ്വത്തിനും വലിയ ഭീഷണിയാണെന്നും അറിയിച്ചു. നാശനഷ്ടങ്ങളുടെ റിപ്പോർട്ട് കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന് സമർപ്പിക്കുമെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഫിഷറീസ് സർവേ ഓഫ് ഇന്ത്യ സോണൽ ഡയറക്ടർ ഡോ. സിജോ പി. വർഗീസ്, സൂപ്രണ്ടിങ്ങ് എൻജിനീയർ സോളി സോളമൻ, ജോഷ് കെ. അശോകൻ എന്നിവരാണ് സ്ഥലം സന്ദർശിച്ചത്. സംഘത്തോടൊപ്പം കൊല്ലത്തെ എൻഡിഎ സ്ഥാനാർഥി ജി. കൃഷ്ണകുമാറും ബിജെപി ജില്ലാ പ്രസിഡൻറ് ബി. ബി. ഗോപകുമാറും ഉണ്ടായിരുന്നു.

അതേ സമയം കഴിഞ്ഞ രണ്ട് ദിവസമായി തുടർന്ന കടലാക്രമണത്തിന് ഇന്നലെ കാര്യമായ ശമനമുണ്ടായി. അങ്ങിങ്ങ് നേരിയ തോതിൽ തിര തള്ളൽ മാത്രമാണ് ഉണ്ടായത്. കൂറ്റൻ തിരമാലകൾ ഉയർന്ന് പൊങ്ങിയതുമില്ല.

ഇതുകാരണം പരവൂർ പൊഴിക്കര, ചില്ലയ്ക്കൽ, മുക്കം, ഇരവിപുരം മേഖലകളിൽ കുറെ പരമ്പരാഗത തൊഴിലാളികൾ ഇന്നലെ മത്സ്യബന്ധനത്തിന് പോയെങ്കിലും കാര്യമായി മീൻ ലഭിച്ചില്ല. ഉള്ളതിന് തീവിലയുമായിരുന്നു. ആഴക്കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഉണ്ടായിരുന്നതുമില്ല.

അതേ സമയം കടലാക്രമണത്തിൽ വീടുകൾ തകർന്ന പ്രദേശത്ത് താമസിക്കുന്നവരുടെ പ്രതിഷേധം തുടരുകയാണ്. സ്ഥലം സന്ദർശിക്കാൻ എത്തിയ ജനപ്രതിനിധികളോട് സ്ത്രീകൾ അടക്കമുള്ളവർ ക്ഷുഭിതരായാണ് സംസാരിച്ചത്. ഇതുവരെ നൽകിയ വാഗ്ദാനങ്ങൾ ഒന്നും പാലിക്കാത്തതിലുള്ള രോഷമാണ് നാട്ടുകാർ പ്രകടിപ്പിച്ചത്. എൻ. കെ. പ്രേമചന്ദ്രൻ എംപി, എം. നൗഷാദ് എംഎൽഎ അടക്കമുള്ളവരോട് നാട്ടുകാർ പരുഷമായാണ് സംസാരിച്ചത്.

# മലയോരജനത വീടൊഴിയുന്നു

പത്തനംതിട്ട: ജില്ലയിൽ കോന്നി, റാന്നി വനം ഡിവിഷനുകളോടു ചേർന്നുള്ള ജനവാസ മേഖലകളിൽ കാട്ടാനയുടെ നിരന്തരമായ ശല്യം ജനജീവിതത്തെ സാരമായി ബാധിക്കുന്നു. മുന്പൊക്കെ വനാതിർത്തികളിലായിരുന്നു ഇവയുടെ ശല്യമെങ്കിൽ ഇന്നിപ്പോൾ കിലോമീറ്ററുകൾക്കപ്പുറത്തേക്ക് വ്യാപിച്ചതോടെ വീടും സ്ഥലവും ഒഴിയാൻ വരെ തയാറാണെന്ന് ഏറെപ്പേരും അറിയിച്ചിരിക്കുകയാണ്.

കോന്നി താലൂക്കിലെ ചിറ്റാർ, സീതത്തോട്, അരുവാപ്പുലം, തണ്ണിത്തോട് പഞ്ചായത്ത് പ്രദേശങ്ങളിലും റാന്നിയിലെ വടശേരിക്കര, നാറാണംമൂഴി, പെരുനാട്, വെച്ചൂച്ചിറ പഞ്ചായത്ത് പ്രദേശങ്ങളിലും ആനയുടെ ശല്യം ഉണ്ടാകുന്നുണ്ട്. കാർഷിക വിളകൾ നശിപ്പിക്കുകയും മതിലുകൾക്കും കെട്ടിടങ്ങൾക്കും നാശമുണ്ടാക്കുകയും ചെയ്യുന്ന ആനക്കൂട്ടം നിരന്തരമായ ഭീഷണി കാരണം താമസസ്ഥലങ്ങൾ ഒഴിയാൻ നിർബന്ധിതരായിരിക്കുകയാണ് ആളുകൾ.

നാലു കൊല്ലത്തിനിടെ രണ്ട് ജീവനുകൾ കാട്ടാന എടുത്തുവെങ്കിൽ കഴിഞ്ഞ പത്തുദിവസത്തിനിടെ രണ്ടു പേരാണ് ആനയുടെ ആക്രമണത്തിൽ മരിച്ചത്. നിരവധി പേർക്ക് ആനയുടെ ആക്രമണത്തിൽ പരിക്കേറ്റു.

മുന്പ് വനാതിർത്തിയോടു ചേർന്ന പ്രദേശങ്ങളിൽ അപൂർവമായിട്ടാണ് കാട്ടാനകൾ എത്തിയിരുന്നത്. ഇന്നിപ്പോൾ വനമേഖലയും കടന്ന് ജനവാസ മേഖലകളിൽ ഇവ നിത്യ സന്ദർശകരാണ്. വനാതിർത്തികളിൽനിന്നു കിലോമീറ്ററുകൾക്കപ്പുറം വരെ സഞ്ചാരപഥമുണ്ട്. വടശേരിക്കര ടൗണിനു തൊട്ടടുത്തുവരെ കഴിഞ്ഞയിടെ ആന എത്തി. പകൽ സമയത്തു പോലും കൃഷിയിടങ്ങളിൽ കാട്ടാനയുടെ സാന്നിധ്യം കണ്ടുതുടങ്ങിയിട്ടുണ്ട്. മലയോര മേഖലയിൽ സന്ധ്യ കഴിഞ്ഞാൽ വീടുകളിൽനിന്നു പുറത്തേക്ക് ഇറങ്ങാനാകില്ല.

റാന്നി താലൂക്കിലെ കുരുന്പൻമൂഴി, കണമല, പന്പാവാലി, തുലാപ്പള്ളി, പ്ലാപ്പള്ളി, കുടമുരുട്ടി, പെരുന്തേനരുവി, അരയഞ്ഞാലിമൺ, ഒളികല്ല്, കുന്പളത്താമൺ, വടശേരിക്കര ബൗണ്ടറി, ഇടത്തിക്കാവ്, ഇടകടത്തി പ്രദേശങ്ങളിൽ മാസങ്ങളായി കാട്ടാനയുടെ ശല്യം തുടരുകയാണ്. കഴിഞ്ഞ ഒക്ടോബർ, നവംബർ മാസങ്ങളിൽ വൻ കൃഷിനാശമാണ് ഈ പ്രദേശങ്ങളിൽ ആന വരുത്തിവച്ചത്.

വാഴ, റബർ, തെങ്ങ്, കമുക്, ജാതി, കപ്പ, പ്ലാവ് തുടങ്ങിയവയെല്ലാം വിവിധ കൃഷിയിടങ്ങളിലായി നശിപ്പിച്ചു. അരയഞ്ഞാലിമൺ, ഒളികല്ല് ഭാഗങ്ങളിൽ പതിവായി കാട്ടാന ഇറങ്ങാറുണ്ട്.

കുന്പളത്താമൺ, ബൗണ്ടറി ഭാഗങ്ങളിൽ അടുത്തകാലത്ത് ശല്യം രൂക്ഷമാണ്. ജില്ലയുടെ കിഴക്കൻ മേഖലയിൽ കാട്ടാനയുടെ ശല്യം കാരണം കൃഷിനാശമുണ്ടായവർക്ക് അർഹമായ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല.

ലക്ഷക്കണക്കിനു രൂപയുടെ നഷ്ടം പല മേഖലകളിലുമുണ്ട്. ആനയുടെ ശല്യം കാരണം ഏറെപ്പേരും കൃഷി ഉപക്ഷിച്ച മട്ടാണ്. ഭൂമി തരിശിട്ട ശേഷം പലരും സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറി.

# നഴ്സിംഗ് സീറ്റ് വാഗ്ദാനം ചെയ്ത് 8.25 ലക്ഷം രൂപ തട്ടിയെടുത്ത യുവാവ് അറസ്റ്റിൽ

പുല്ലാട്: സ്വകാര്യ മെഡിക്കൽ കോളജിൽ നഴ്സിംഗ് സീറ്റ് വാഗ്ദാനം ചെയ്ത് 8.25 ലക്ഷം രൂപ തട്ടിയെടുത്ത യുവാവ് അറസ്റ്റിൽ. കോഴിക്കോട് മേരിക്കുന്ന് സ്വദേശി ശ്യാംജിത്താ(37)ണ് കോയിപ്രം പോലീസിൻറെ പിടിയിലായത്.

പുല്ലാട് പൂവത്തൂർ വലിയവിളയിൽ സുനി വർഗീസാണ് പോലീസിൽ പരാതി നൽകിയത്. സുനി വർഗീസിൻറെ മകൾക്ക് തിരുവല്ലയിലെ സ്വകാര്യ മെഡിക്കൽ കോളജിൽ ബിഎസ്സി നഴ്സിംഗിന് അഡ്മിഷൻ വാങ്ങി നൽകാമെന്നു പറഞ്ഞാണ് ഇയാൾ പണം തട്ടിയത്. ഇ!യാൾ ആവശ്യപ്പെട്ടതു പ്രകാരം പരാതിക്കാരി 7,55,000 രൂപയാണ് കൈമാറിയത്.

തുടർന്ന് ഹോസ്റ്റൽ ഫീസെന്നും പറഞ്ഞ് 70,000 രൂപയും കൈപ്പറ്റി. പണം നൽകിയിട്ടും അഡ്മിഷൻ ലഭിക്കാതെ വന്നതോടെയാണ് സുനി വർഗീസ് പോലീസിനെ സമീപിച്ചത്. തുടർന്ന് കോയിപ്രം പോലീസ് അന്വേഷണം നടത്തിയപ്പോൾ സമാനമായ ആറ് കേസുകളിൽ കോഴിക്കോട് കസബ പോലീസ് അറസ്റ്റ് ചെയ്ത് ജില്ലാ ജയിലിൽ റിമാൻഡിൽ കഴിയുകയായിരുന്ന ശ്യാംജിത്താണ് തട്ടിപ്പിനു പിന്നിലെന്നു വിവരം ലഭിച്ചു. തുടർന്ന് ഇയാളെ കോയിപ്രം പോലീസ് കസ്റ്റഡിയിൽ വാങ്ങി.

വഞ്ചനാകുറ്റത്തിനാണ് നിലവിൽ പോലീസ് കേസെടുത്തത്. തെളിവെടുപ്പിനുശേഷം ശ്യാംജിത്തിനെ തിരികെ ജില്ലാ ജയിലിലേക്കു തന്നെ മാറ്റി. കോയിപ്രം എസ്ഐ മുഹസിൻ മുഹമ്മദാണ് കേസിൽ അന്വേഷണം നടത്തുന്നത്.

# നോവൽരചനയിൽ വ്യത്യസ്തതയുമായി പെരുംകുളം ബാപ്പുജി സ്മാരക വായനശാലയിലെ കുട്ടികൾ

കൊല്ലം: നോവൽരചനയിൽ വ്യത്യസ്തതയുമായി പെരുംകുളം ബാപ്പുജി സ്മാരക വായനശാലയിലെ കൊച്ചുകുട്ടികൾ. സംസ്ഥാനത്തെ ആദ്യ പുസ്തകഗ്രാമമായി മുഖ്യമന്ത്രി പ്രഖ്യാപിച്ച കൊട്ടാരക്കര താലൂക്കിലെ പെരുംകുളം ബാപ്പുജി സ്മാരക വായനശാലയിലെ ബാലവേദി അംഗങ്ങളായ 11 കുട്ടികൾ ചേർന്നാണ് 'കാട് കാണാൻ പാം കണ്ടാ പേടിക്ക്യോ' എന്ന ബാലനോവൽ എഴുതി പൂർത്തിയാക്കിയത്. ബാലസാഹിത്യകാരൻ സന്തോഷ് പ്രിയൻ ആദ്യ അധ്യായം എഴുതിയതിൻറെ തുടർച്ചയായാണ് പതിനൊന്ന് കുട്ടികൾ നോവൽ പൂർത്തിയാക്കിയിട്ടുള്ളത്. സ്കൂളിൽ നിന്നും കാട് കാണാൻ വീട്ടുകാരും അധ്യാപകരും അറിയാതെ പുറപ്പെടുന്ന മൂന്ന് കുട്ടികൾ നേരിടേണ്ടിവരുന്ന രസകരവും സാഹസികവുമായ അനുഭവങ്ങളാണ് നോവലിൻറെ ഇതിവൃത്തം.

എഴുത്തിൻറെ മൂല്യം നിശ്ചയിക്കാൻ വായനക്കാരന് സ്വാതന്ത്ര്യം കൊടുത്ത ലോകത്തിലെ തന്നെ മൂന്നാമത്തെ പുസ്തകമായ ഇതിൻറെ പ്രകാശനം ലോക ബാലപുസ്തകദിനമായ ഇന്നാണ് നടത്തുന്നത്. ബാപ്പുജി സ്മാരക വായനശാലയിലെ കാഴ്ച ബുക്സാണ് നോവൽ പ്രസിദ്ധീകരിക്കുന്നത്. ഈ വിഭാഗത്തിൽപ്പെടുന്ന മറ്റു രണ്ടു പുസ്തകങ്ങളും പുറത്തിറക്കിയതും കാഴ്ച ബുക്സ തന്നെ. കോവിഡ് കാലത്ത് പ്രസിദ്ധീകരിച്ച മഹാത്മാ ഗ്രന്ഥശാല കക്കാക്കുന്ന് പിഗ എന്ന പുസ്തകവും അതിൻറെ ഇംഗ്ലീഷ് പരിഭാഷയുമാണ് മുന്പ് ഇറക്കിയ പുസ്തകങ്ങൾ.

പുസ്തകം വായിച്ചതിനു ശേഷം വായനക്കാരൻ പുസ്തകത്തിന് മതിക്കുന്ന വില നൽകിയാൽ മതി എന്നതാണ് ഇതിൻറെ പ്രത്യേകത.

വായനശാല ഭാരവാഹികളായ പെരുംകുളം രാജീവ്, വിജേഷ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പുസ്തകം പ്രസിദ്ധീകരിച്ചത്.

ഇന്ന് വൈകുന്നേരം അഞ്ചിന് വായനശാലയുടെ പുസ്തകസ സ്തൂപത്തിന് ചുവട്ടിൽ ചേരുന്ന ചടങ്ങിൽ ബാലസാഹിത്യകാരൻ സ്ന്തോഷ് പ്രിയൻ പുസ്തകം പ്രകാശനം ചെയ്യും. ലൈബ്രറി കൗൺസിൽ കൊട്ടാരക്കര താലൂക്ക് നിർവാഹകസമിതി അംഗം രാജൻ ബോധി സമ്മേളനം ഉദ്ഘാടനം ചെയ്യും.

ഗ്രന്ഥശാല പ്രസിഡൻറ് പെരുംകുളം രാജീവ് അധ്യക്ഷത വഹിക്കും. ബാലവേദി രക്ഷാധികാരി എൻ. രാജേഷ് കുമാർ പ്രസംഗിക്കും. ബാലസാഹിത്യകാരൻ സിപ്പി പള്ളിപ്പുറമാണ് പുസ്തകത്തിൻറെ കവർ പ്രകാശനം നിർവഹിച്ചത്.

# ഇഡിയുടെ അറസ്റ്റ് ക്ഷണിച്ചുവരുത്തി നേട്ടമുണ്ടാക്കാൻ ഐസക് ശ്രമിക്കുന്നു:ചെറിയാൻ ഫിലിപ്പ്

പത്തനംതിട്ട: ധനമന്ത്രിയായിരുന്ന തോമസ് ഐസക്കിൻറെ തെറ്റായ തീരുമാനങ്ങളും നടപടികളുമാണ് കേരളത്തിൻറെ സന്പദ്ഘടന തകർത്തതെന്ന് കെപിസിസി രാഷ്ട്രീയകാര്യസമിതിയംഗം ചെറിയാൻ ഫിലിപ്പ് പത്രസമ്മേളനത്തിൽ കുറ്റപ്പെടുത്തി.

ധനകാര്യ മാനേജ്മെൻറിലെ ഇദ്ദേഹത്തിൻറെ കഴിവുകേടാണ് കേരളത്തെ ഭീമമായ കടക്കെണിയിലേക്ക് എത്തിച്ചത്.

ഉത്പാദന മേഖലയിലൂടെ ആഭ്യന്തര വരുമാനം വർധിപ്പിക്കേണ്ടതിനു പകരം എല്ലാ ആവശ്യങ്ങൾക്കും കടമെടുക്കുകയെന്ന വികലമായ നയമാണ് പിന്തുടർന്നത്. വരുമാന സ്രോതസല്ലാത്ത പദ്ധതികൾ കടമെടുത്ത് നടപ്പാക്കിയതിലൂടെ ഒരു പ്രയോജനവും ഉണ്ടായില്ല.

ശന്പളം, പെൻഷൻ തുടങ്ങി ദൈനംദിന ചെലവുകൾക്കുപോലും സുപ്രീം കോടതി മുന്പാകെ ദയാഹർജി നല്കി കേന്ദ്രാനുമതി നേടി കടമെടുക്കേണ്ട ദുഃസ്ഥിതിയാണ്.

സർക്കാരിൻറെ 13,600 കോടി രൂപയുടെ പുതിയ കടമെടുപ്പ് ഇന്ത്യൻ ഭരണഘടനയുടെയും കേന്ദ്രനിയമത്തിൻറെയും ലംഘനമാണെന്ന് ചെറിയാൻ ഫിലിപ്പ് പറഞ്ഞു.

ഏഴുതവണ നോട്ടീസ് ലഭിച്ചിട്ടും ഇഡി മുന്പാകെ ഹാജരാകാതെ അറസ്റ്റ് ക്ഷണിച്ചുവരുത്തുകയാണ് ഐസക്കിൻറെ ലക്ഷ്യം.

ഇതിലൂടെ ലോക്സഭാ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ നേട്ടം ഉണ്ടാക്കാമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. വിദേശത്തുനിന്നും മസാല ബോണ്ട് വാങ്ങിയത് വിദേശവിനിമയ ചട്ടലംഘനമാണെന്ന് ഇഡി കണ്ടെത്തിയിരുന്നു.

കിഫ്ബി യോഗത്തിൽ ചീഫ് സെക്രട്ടറിയും ധന സെക്രട്ടറിയും എതിർത്തിട്ടും ധനമന്ത്രി തോമസ് ഐസക്കിൻറെ പിടിവാശിയിലാണ് മസാലബോണ്ട് വാങ്ങിയതെന്ന് യോഗത്തിൻറെ മിനിറ്റ്സിൽ പറയുന്നുണ്ട്.

താൻ മാത്രം അല്ല ഉത്തരവാദിയെന്ന് തോമസ് ഐസക് പറഞ്ഞിരുന്നു. ഇഡി മുന്പാകെ ഹാജരായാൽ താൻ ചെയ്ത കുറ്റങ്ങൾ പുറത്തുവരുമെന്ന ഭയം അദ്ദേഹത്തിനുണ്ടാകാമെന്നും ചെറിയാൻ പറഞ്ഞു.

# നിർമാണം പൂർത്തിയായില്ല; രണ്ട് വർഷമായി കുടുംബങ്ങൾ കഴിയുന്നത് അടച്ചുറപ്പില്ലാത്ത വീടുകളിൽ

സുൽത്താൻ ബത്തേരി: പുതിയവീടുണ്ട്, പക്ഷേ വാതിലും ജനലും ശൗചാലയവും ഇല്ലാത്തതുകാരണം രണ്ട് വർഷമായി കുടുംബങ്ങൾ കഴിയുന്നത് അടുച്ചുറപ്പില്ലാത്ത വീടുകളിൽ.

നൂൽപ്പുഴ പണയന്പം ചിറമൂല കാട്ടുനായിക്ക കോളനിയിലെ രജനിയുടെയും സമീപത്തെ പണിയ കോളനിയിലെ വിനീതയുടെയും വീടാണ് രണ്ട് വർഷമായിട്ടും പൂർണമായ രീതിയിൽ നിർമാണപ്രവർത്തികൾ പൂർത്തീകരിക്കാതെ കിടക്കുന്നത്.

മൂന്ന് വർഷം മുന്പ് പണിതുടങ്ങിയ വീടുകൾ ഒരു വർഷംകൊണ്ട്തന്നെ നിർമാണം ഏറ്റെടുത്തകരാറുകാരൻ കെട്ട് പൂർത്തിയാക്കി വാർപ്പുംകഴിഞ്ഞ് ചുമരുകൾ തേക്കുകയും ചെയ്തു.

എന്നാൽ നിലത്ത് ടൈൽ പതിക്കൽ, വാതിലുകളും ജനലുകളും സ്ഥാപിക്കൽ, അടുക്കള ശൗചാലയം എന്നിവ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല.

രജനിയും മൂന്ന് മക്കളും ഭർത്താവും പിതാവും കഴിഞ്ഞിരുന്ന പഴയ വീട് കാലപ്പഴക്കത്താൽ നാശത്തെ നേരിടുകയാണ്. വാതിലുകൾ തകർന്ന അവസ്ഥയാണ്.

മഴപെയ്താൽ ചോർന്നൊലിക്കുമെന്നും രജനിപറയുന്നു. ഇതുകാരണം വാതിലും ജനലുമൊന്നും ഘടിപ്പിക്കാത്ത നിർമാണം പൂർത്തിയാകാത്ത വീട്ടിലാണ് രാത്രികാലങ്ങളിൽ കഴിഞ്ഞുകൂടുന്നത്. വിനീതയും ഭർത്താവും ഉണ്ടായിരുന്ന വീട് പൊളിച്ചാണ് പുതിയവീട് നിർമാണം ആരംഭിച്ചത്. എന്നാൽ നിർമാണ പ്രവൃത്തികൾ പൂർത്തീകരിക്കത്തതിനാൽ സമീപത്തെ ബന്ധുവിട്ടിലാണ് താമസം.

ഈ വീടും കാലപ്പഴക്കത്താൽ നാശത്തെ നേരിടുന്നതാണ്. രണ്ട് വർഷമായിട്ടും വീട് പൂർണമായ രീതിയിൽ നിർമിച്ചുനൽകാത്തതിനാൽ കുടുംബങ്ങൾ കടുത്ത അമർഷത്തിലാണ്. ആനയും കടുവയുമടക്കുള്ള വന്യമൃഗശല്യവും പ്രദേശത്ത് രൂക്ഷമാണ്. ഈ സാഹചര്യത്തിലാണ് കുട്ടികളുമായി രക്ഷിതാക്കൾ അടച്ചുറപ്പില്ലാത്ത വിടുകൾ ഭീതിയോടെയാണ് കഴിയുന്നത്. ഇതിനുപുറമെ കോളനിയിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വീടുകളിൽ ഒന്നിനും വൈദ്യുതി കണക്ഷനുമില്ല. പഴയ വീടുള്ളവർ ബിൽ അടക്കാത്തിനാൽ കൺക്ഷൻ വിച്ഛേദിച്ചതാണെങ്കിൽ നിർമ്മാണം പൂർത്തിയായ മറ്റ് വീടുകൾക്ക് വർഷങ്ങളയാട്ടും കണക്ഷൻ ലഭിച്ചിട്ടില്ല. അതേസമയം ഏപ്രിൽ മാസത്തിൽ വീടുകൾ നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ച് നൽകുമെന്ന് നൂൽപ്പുഴ പഞ്ചായത്ത് പ്രസിൻറ് ഷീജ സതീഷ് അറിയിച്ചു.

# ലോക്സഭ തിരഞ്ഞെടുപ്പ്: ഇന്ന് 87 സ്ഥാനാർത്ഥികൾ നാമ നിർദ്ദേശപത്രിക സമർപ്പിച്ചു

സംസ്ഥാനത്ത് വിവിധ ലോക്സഭാ മണ്ഡലങ്ങളിലായി ഇന്ന് (ഏപ്രിൽ 03) 87 സ്ഥാനാർത്ഥികൾ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. പല സ്ഥാനാർത്ഥികളും ഒന്നിൽ കൂടുതൽ നാമനിർദ്ദേശ പത്രികകൾ സമർപ്പിച്ചിട്ടുണ്ട്. ആകെ 152 പത്രികകൾ ഇന്ന് മാത്രം ലഭിച്ചു. നാമനിർദ്ദേശ പത്രികകളുടെ മണ്ഡലം തിരിച്ചുള്ള വിവരം: തിരുവനന്തപുരം 5, ആറ്റിങ്ങൽ 7, കൊല്ലം 5, പത്തനംതിട്ട 6, മാവേലിക്കര 3, ആലപ്പുഴ 7, കോട്ടയം 11, ഇടുക്കി 10, എറണാകുളം 7, ചാലക്കുടി 6, തൃശൂർ 13, ആലത്തൂർ 4, പാലക്കാട് 4, പൊന്നാനി 7, മലപ്പുറം 9, കോഴിക്കോട് 9, വയനാട് 7, വടകര 5, കണ്ണൂർ 17, കാസർകോട് 10.

മാർച്ച് 28 ന് നാമനിർദ്ദേശ പത്രികാ സമർപ്പണം തുടങ്ങിയതു മുതൽ ഇതുവരെ സംസ്ഥാനത്ത് ആകെ 143 സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ ആകെ ലഭിച്ചത് 234 നാമനിർദ്ദേശ പത്രികകളാണ്. ഇതുവരെ ഏറ്റവുമധികം സ്ഥാനാർഥികൾ പത്രിക സമർപ്പിച്ചത് കൊല്ലത്തും തൃശൂരുമാണ്(11 വീതം). കാസർകോടും കണ്ണൂരും 10 സ്ഥാനാർഥികൾ നാമനിർദ്ദേശ പത്രിക സമർപ്പിച്ചിട്ടുണ്ട്. ഏറ്റവും കുറച്ച് സ്ഥാനാർഥികൾ നാമനിർദ്ദേശ പത്രിക സമർപ്പിച്ചത് പത്തനംതിട്ടയിലാണ്(3).

നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നാളെ(എപ്രിൽ 4)യാണ്. രാവിലെ 11 മുതൽ വൈകിട്ട് മൂന്ന് മണി വരെ പത്രികകൾ സമർപ്പിക്കാം. സൂക്ഷ്മ പരിശോധന ഏപ്രിൽ 5 ന് നടക്കും.

# വയനാട് എംപിയെന്നത് ഏറ്റവും വലിയ ബഹുമതി; എന്നും ഒപ്പമുണ്ടാകുമെന്ന് രാഹുൽ ഗാന്ധി

കല്പറ്റ: വയനാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എന്നും മുന്നിലുണ്ടാകുമെന്ന് യുഡിഎഫ് സ്ഥാനാർഥി രാഹുൽ ഗാന്ധി.

വയനാട് എംപിയെന്നത് തനിക്ക് ലഭിച്ച ഏറ്റവും വലിയ ബഹുമതിയാണെന്നും കക്ഷിരാഷ്ട്രീയങ്ങൾക്ക് അതീതമായി താൻ എപ്പോഴും വയനാട്ടുകാർക്കൊപ്പമുണ്ടാകുമെന്നും അദ്ദേഹം ഉറപ്പു നല്കി.

പ്രളയകാലത്തിലെ പ്രവർത്തനങ്ങൾ എടുത്തു പറഞ്ഞ രാഹുൽ വയനാട്ടുകാരുടെ ഒരുമയും ഐക്യവുമാണ് മഹാപ്രളയത്തിനിടെ പോലും തനിക്ക് മനസിലാക്കാൻ സാധിച്ചതെന്നും കൂട്ടിച്ചേർത്തു. നാമനിർദേശ പത്രിക സമർപ്പിക്കാൻ വയനാട്ടിലെത്തിയ രാഹുൽ പ്രവർത്തകരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു.

'വയനാട്ടിൽ എത്തിയതിൽ വളരെയധികം സന്തോഷമുണ്ട്. അഞ്ച് വർഷം മുമ്പ് ഞാനിവിടെ വന്നപ്പോൾ പുതിയ ഒരാളായിരുന്നു. ഇവിടെ സ്ഥാനാർഥിയായി, നിങ്ങളെന്നെ പാർലമെൻറ് അംഗമായി തിരഞ്ഞെടുത്തു, നിങ്ങളുടെ കുടുംബാംഗമാക്കി. ജാതിമത ഭേദമന്യേ, കക്ഷിരാഷ്ട്രീയ ഭേദമന്യേ ഒരോ വയനാട്ടുകാരനും അവരുടെ സ്നേഹം നൽകി എന്നെ അവരുടെ ഹൃദയത്തിലേക്ക് സ്വീകരിച്ചു. ഇതെൻറെ ഹൃദയത്തിൽ നിന്നെടുക്കുന്ന വാക്കുകളാണ്' രാഹുൽ പറഞ്ഞു. വയനാട്ടിൽ ഓരോ വീട്ടിലും തനിക്ക് സഹോദിമാരും അമ്മമാരും അച്ഛന്മാരുമുണ്ട്. വയനാട്ടിലെ വന്യമൃഗ ശല്യം അടക്കമുള്ള പരിഹരിക്കാൻ എന്നും ഒപ്പമുണ്ടാകുമെന്നും രാഹുൽ കൂട്ടിച്ചേർത്തു.

ആയിരക്കണക്കിന് ജനങ്ങളുടെ അകമ്പടിയോടെ നേതാക്കൾക്കൊപ്പം റോഡ് ഷോയുമായി എത്തിയാണ് രാഹുൽ നാമനിർദേശ പത്രിക സമർപ്പിച്ചത്.

എഐസിസി ജനറൽ സെക്രട്ടറി കൂടിയായ സഹോദരി പ്രിയങ്ക ഗാന്ധിയും രാഹുലിനൊപ്പമുണ്ടായിരുന്നു. ജില്ലാ കലക്ടർ കൂടിയായ വരണാധികാരി ഡോ. രേണുരാജിനു മുൻപാകെയാണ് രാഹുൽ പത്രിക സമർപ്പിച്ചത്.

# അവധിക്കാല ക്ലാസുകളുടെ പ്രവേശനോത്സവം

കേരളാ സ്റ്റേറ്റ് ജവഹർ ബാലഭവൻ ഏപ്രിൽ മേയ് മാസങ്ങളിൽ നടത്തുന്ന അവധിക്കാല ക്ലാസുകളുടെ പ്രവേശനോത്സവം 2024 ഏപ്രിൽ രണ്ടിന് കവിയും എഴുത്തുകാരനുമായ ഡോ. കെ.ജയകുമാർ ഉദ്ഘാടനം ചെയ്തു. സ്റ്റാർ സിംഗർ ജൂനിയർ ഫെയിം പ്രാർത്ഥന രതീഷ് മുഖ്യതിഥിയായിരുന്നു. സാംസ്കാരിക വകുപ്പ് ഡയറക്ടർ എൻ. മായ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സാംസ്കാരിക വകുപ്പ് സെക്രട്ടറി മിനി ആന്റണി, രാജേഷ് ജി.ആർ എന്നിവർ സംസാരിച്ചു. മാനേജിംഗ് കമ്മിറ്റിയംഗങ്ങളായ കെ.ജയപാൽ, സി.എസ്. സുരേഷ് ബാബു എന്നിവർ ആശംസാ പ്രസംഗം നടത്തി. ബാലഭവൻ ലൈബ്രറിയിലേക്ക് അലമാരയും പുസ്തകങ്ങളും, കമ്പ്യൂട്ടർ ലാബിലേക്ക് കമ്പ്യൂട്ടറുകളും സംഭാവന ചെയ്ത എസ്.എഫ്.എസ് ഹോംസ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് എം. രാജഗോപാലിനെ ചടങ്ങിൽ ആദരിച്ചു. ബാലഭവൻ എക്സിക്യൂട്ടീവ് ഓഫീസർ ഒ.കെ രാജൻ സ്വാഗതവും പ്രിൻസിപ്പൽ ഇൻ ചാർജ് വി.കെ നിർമ്മലാകുമാരി കൃതജ്ഞതയും രേഖപ്പെടുത്തി. കുട്ടികൾ വിവിധ കലാപരിപാടികളും അവതരിപ്പിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# എസ്ഡിപിഐ കൂട്ടുകെട്ട് കോൺഗ്രസിൻെറ അധഃപതനം: ഇ. പി. ജയരാജൻ

തിരുവനന്തപുരം: എസ്ഡിപിഐയുമായുള്ള കോൺഗ്രസിൻറെ കൂട്ടുകെട്ട് കോൺഗ്രസിൻറെ രാഷ്ട്രീയ അധഃപതനമെന്ന് എൽഡിഎഫ് കൺവീനർ ഇ. പി. ജയരാജൻ. മതതീവ്രവാദശക്തികളുമായും വർഗീയ ശക്തികളുമായും കൂട്ടുകുടാൻ ഒരു മടിയുമില്ലെന്ന് കോൺഗ്രസ് തെളിയിച്ചിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

അധികാരത്തിനായി ഭീകരവാദികളുമായി പോലും കൂട്ടുകൂടാൻ കോൺഗ്രസ് മടിക്കില്ലെന്നതിൻറെ ഉദാഹരണമാണ് എസ്ഡിപിഐമായുള്ള കൂട്ടുകെട്ട്. കോൺഗ്രസിൻറെ നിലപാട് തരംതാണതാണ്. നെറികെട്ട അവസരവാദ പ്രവർത്തികളെ ജനങ്ങൾ തിരിച്ചറിയും. മതനിരപേക്ഷത കാത്തുസൂക്ഷിക്കുന്ന നിലപാടാണ് എൽഡിഎഫിൻറേത്.

കോൺഗ്രസ് പാർട്ടി ജനങ്ങളിൽനിന്ന് അകന്നുപോയിക്കൊണ്ടിരിക്കുകയാണ്. ഏത് വിധേനയും അധികാരത്തിലേറാനാണ് കോൺഗ്രസ് തരംതാണതും നെറികെട്ടതുമായ കളികൾ നടത്തുന്നത്. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന് കോൺഗ്രസ് മനസിലാക്കണം.

കോൺഗ്രസിൻറെയും യുഡിഎഫിൻറെയും അവസരവാദ നിലപാടിനെതിരേ എല്ലാ മതേതര ജനാധിപത്യവിശ്വാസികളും ശക്തമായി പ്രതികരിക്കണമെന്നും ഇ. പി. ജയരാജൻ പറഞ്ഞു. സംസ്ഥാനത്തിൻറെ വികസനത്തിനും മതനിരപേക്ഷതയ്ക്കും വേണ്ടി നിലകൊള്ളുന്നത് എൽഡിഎഫാണെന്നും അദ്ദേഹം വ്യക്തമാക്കി.

വരുന്ന ലോക്സഭ തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥികൾക്ക് തങ്ങൾ പരസ്യ പിന്തുണ നൽകുകയാണെന്ന വിവരം എസ്ഡിപിഐ സംസ്ഥാന പ്രസിഡൻറ് മൂവാറ്റുപുഴ അഷറഫ് മൗലവി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കിയിരുന്നു. കോൺഗ്രസ് നേതൃത്വം പിന്തുണ തള്ളിക്കളയുമോയെന്ന ചോദ്യത്തിന് മറുപടി പറഞ്ഞിരുന്നില്ല.

എ സ് ഡി പി ഐ യും കോൺഗ്രസും തമ്മിൽ രഹസ്യ ചർച്ച നടന്നതിൻറെ അടിസ്ഥാനത്തിലാണ് എസ്ഡിപിഐയുടെ യുഡിഎഫിനുള്ള പിന്തുണയെന്ന് ആരോപണം ഉയർന്നിരുന്നു. എന്നാൽ കോൺഗ്രസ് നേതൃത്വവും പ്രതിപക്ഷ നേതാവും ഈ വിഷയത്തിൽ അഭിപ്രായം പറഞ്ഞിട്ടില്ല.

അതേസമയം എസ്ഡിപിഐ യുടെ പിന്തുണ പരമ്പരാഗതമായി ലഭിക്കുന്ന യുഡിഎഫിൻറെ വോട്ടുകളിൽ വിള്ളൽ വീഴ്ത്തുമോയെന്ന ആശങ്ക കോൺഗ്രസ് ക്യാമ്പുകളിലുമുണ്ട്. കോൺഗ്രസ്എസ്ഡിപിഐ രഹസ്യ ചർച്ചയുടെ ഫലമാണ് പരസ്യ പിന്തുണയെന്ന ആരോപണവുമായി ബിജെപിയും രംഗത്ത് വന്നിട്ടുണ്ട്.




# വിഴിഞ്ഞം ഷൈജു വധക്കേസ്: ഒന്നാം പ്രതിക്ക് ഇരട്ട ജീവപര്യന്തം

തിരുവനന്തപുരം: തലയിലേ ക്ക് പടക്കമെറിഞ്ഞ് വിഴിഞ്ഞം സ്വദേശി യാ യ ഷൈജുവിനെ കൊലപ്പെടുത്തിയ കേസിലെ ഒന്നാം പ്രതി വിഴിഞ്ഞം പള്ളിത്തുറ സ്വദേശി എഡ്വിന് (39) ഇരട്ട ജീവപര്യന്തം തടവും 11,75,000 രൂപ പിഴയും.

സ്ഫോടക വസ്തുകൾ കൈവശം വച്ചതിനു പത്തു വർഷം അധിക ശിക്ഷയും വിധിച്ചു. രണ്ടാം പ്രതി അപ്പാച്ചി ബൈജു എന്ന വിനോദ് രാജിനെ തെളിവുകളുടെ അഭാവത്തിൽ വെറുതേവിട്ടു. ഏഴാം അഡീഷണൽ സെഷൻസ് ജഡ്ജി പ്രസൂൺ മോഹൻറേതാണ് ഉത്തരവ്.

പത്തു ദിവസം കൊണ്ടാണ് വിചാരണ പൂർത്തിയാക്കിയത്. പിഴത്തുകയിൽ നിന്നും എട്ടു ലക്ഷം രൂപ ഷൈജുവിൻറെ മാതാപിതാക്കളായ ഡെൻസൺ, ഷേർളി എന്നിവർക്കും രണ്ടു ലക്ഷം രൂപ സഹോദരങ്ങളായ വിനോദ്, ജെന്നി എന്നിവർക്കും നഷ്ടപരിഹാരമായി നൽകാനും കോടതി ജില്ലാ ലീഗൽ സർവീസ് അഥോറിറ്റിയോട് നിർദേശിച്ചു. ഒന്നാം പ്രതിയുടെ സഹോദരനും കൊല്ലപ്പെട്ട ഷൈജുവിൻറെ സഹോദരിയും തമ്മിലുള്ള പ്രണയത്തെ എതിർത്തതിനെ തുടർന്ന് ഒന്നാം പ്രതിയുടെ സഹോദരൻ ആത്മഹത്യ ചെയ്തിരുന്നു. ഇതിൻറെ വിരോധമാണ് ഷൈജുവിൻറെ കൊലയ്ക്ക് കാരണം.

2013 ഏപ്രിൽ 25ന് പുലർച്ചെ വിഴിഞ്ഞം ബസ് സ്റ്റാൻ പരിസരത്ത് ഉറങ്ങിക്കിടക്കുകയായിരുന്ന ഷൈജുവിൻറെ തലയിലേക്ക് പ്രതി പടക്കം എറിയുകയായിരുന്നു. അതിനുശേഷം വാളുമായി പരിസരത്തു നിന്ന ജനങ്ങളെ ഭീഷണിപ്പെടുത്തി എന്നാണ് പ്രോസിക്യൂഷൻ കേസ്.

പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ കെ. വേണി, അഭിഭാഷകരായ ഷെഹനാസ്, അഭിജിത്ത് എന്നിവർ ഹാജരായി.

# വരയിൽ താരമായി ശ്രേയസ്സ്, ഒപ്പം പത്തോളം ലോക റെക്കോർഡുകളും

തിരുവനന്തപുരം: മൂന്നു മണിക്കൂർ കൊണ്ട് നാച്ചുറൽ പെയിന്റിംഗിന് ലോക റെക്കോർഡുകളുടെ മഹാ നേട്ടം കൈവരിച്ചിരിക്കുകയാണ് കൊച്ചു ശ്രേയസ്സ്. ആറു വയസ്സുകാരനായ ഈ മിടുക്കൻ പട്ടം എസ് യു ടി ആശുപത്രിയിലെ ലബോറട്ടറി/ ബ്ലഡ് ബാങ്ക് സ്റ്റാഫായ ചരിത്രയുടെയും അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫായ രാജേഷിന്റെയും മകനാണ്.

ശ്രേയസ്സിന്റെ ഈ ചിത്രത്തിന് 10 ലോക റെക്കോർഡുകൾക്ക് (International B Record India Book Record, Asia Book of Record, Kids World Record, Kalam's world Record, American Book of Record, Magic Book of Record, European Book of Record, Golden Book Of Record, Jaekbi Book Of Record, International Kid Super talented award) പുറമെ ഒരു അവാർഡും World Record Universtiy Degree യും ലഭിച്ചു. ശ്രേയസ്സ് ഈ നേട്ടം കൈവരിച്ചത് 3 മണിക്കൂർ സമയം കൊണ്ട് അതിമനോഹരമായ ഒരു ചുമർചിത്രം (44 inches × 60inches) വരച്ചതിനാണ്. ഈ ചിത്രത്തിന് നിറം പകരാൻ ശ്രേയസ്സ് ഉപയോഗിച്ചത് പ്രകൃതിദത്ത വസ്തുക്കളായ ചോക്ക്, കരി, ഇലച്ചാറ്, മണ്ണ്, ബീറ്റ്റൂട്ട് ജ്യൂസ്, പഞ്ഞി, വെള്ളം, തുടങ്ങിയവയാണ്.

ശാസ്ത്രിയമായി ചിത്രകല അഭ്യസിച്ചിട്ടില്ലാത്ത ഈ മിടുക്കന്റെ ജന്മസിദ്ധിക്ക് പ്രചോദനമായത് കുടുംബത്തിന്റെ പ്രോത്സാഹനമാണ്. ഈ കൊച്ചു മിടുക്കന്റെ കഴിവിനെ പ്രോത്സാഹിപ്പിക്കാൻ ഒരു പ്രത്യേക അരങ്ങൊരുക്കി പട്ടം എസ് യു ടി ആശുപത്രി. ചൊവ്വാഴ്ച നടന്ന ലളിതമായ ചടങ്ങിൽ മിടുക്കനായ കലാകാരൻ ശ്രേയസ്സിനെയും അമ്മ ചരിത്രയെയും ആദരിക്കുകയുണ്ടായി. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി മെമെന്റോയും ക്യാഷ് പ്രൈസും നൽകി ശ്രേയസ്സിനെ ആദരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

# ഇന്ത്യയുടെ പ്രാദേശിക എയർലൈൻ കാരിയറായ ഫ്ളൈ 91 ഐബിഎസ് സോഫ്റ്റ് വെയറുമായി പങ്കാളിത്തത്തിൽ

തിരുവനന്തപുരം: ഇന്ത്യയുടെ പ്രാദേശിക എയർലൈൻ കാരിയറായ ഫ്ളൈ 91 വാണിജ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ആഗോള യാത്രാ വ്യവസായത്തിലെ മുൻനിര സാസ് സൊല്യൂഷൻസ് ദാതാക്കളായ ഐബിഎസ് സോഫ്റ്റ് വെയറുമായി പങ്കാളിത്തത്തിൽ. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫ്ളൈ 91 (ജസ്റ്റ് ഉഡോ ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്) ഇന്ത്യയിലെ അപ്രധാന റൂട്ടുകളിലൂടെയുള്ള റോഡ്, റെയിൽ യാത്രകൾക്ക് ബദൽ വ്യോമമാർഗം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ലളിതവും കാര്യക്ഷമവും ചെലവ് കുറഞ്ഞതുമായ അനുഭവം ഉപഭോക്താക്കൾക്ക് സാധ്യമാക്കുന്ന സോഫ്റ്റ് വെയർ അധിഷ്ഠിത റിസർവേഷൻ രീതിയാണ് ഫ്ളൈ 91 ന് വേണ്ടി ഐബിഎസ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഐബിഎസിൻറെ ആധുനിക ഓമ്നിചാനലായ ഐഫ്ളൈറെസ് കൊമേഴ്സ് പ്ലാറ്റ്ഫോം നടപ്പിലാക്കുന്നതിലൂടെ വിപുലമായ എപിഐകളും കാര്യക്ഷമമായ റൂൾസ് എഞ്ചിനും നൽകുന്ന ഉപഭോക്തൃ അനുഭവം ഫ്ളൈ 91 ന് സാധ്യമാകും. ഇതിനു പുറമേ ഉപഭോക്താക്കൾക്ക് ഏറ്റവും ചെലവ് കുറഞ്ഞ നിരക്കുകൾ നൽകുന്നതിനും ബദൽ ഗതാഗത മാർഗങ്ങളുമായി മത്സരാധിഷ്ഠിത നിരക്ക് ഉറപ്പാക്കുന്നതിനും സഹായിക്കും. കൂടാതെ ടയർ 2, ടയർ 3 നഗരങ്ങളെ ബന്ധിപ്പിക്കാനും ഗതാഗത സേവനങ്ങൾ കുറഞ്ഞ ഉൾപ്രദേശങ്ങളിലേക്കുള്ള റൂട്ടുകളും സേവനങ്ങളും ഒരുക്കാനും ഫ്ളൈ 91 ന് ഈ പ്ലാറ്റ് ഫോമിലൂടെ സാധിക്കും.

അത്യാധുനിക സാങ്കേതിക വിദ്യ ഉൾക്കൊള്ളുന്നതിലൂടെയാണ് ഫ്ളൈ 91 ന് അതിൻറെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സാധിക്കുകയെന്നും അതാണ് ഐബിഎസുമായുള്ള പങ്കാളിത്തത്തിൽ അവരെ എത്തിച്ചതെന്നും ഐബിഎസ് സോഫ്റ്റ് വെയർ സീനിയർ വൈസ് പ്രസിഡൻറ് ഗൗതം ശേഖർ പറഞ്ഞു. ഫ്ളൈ 91 ൻറെ ദീർഘവീക്ഷണമുള്ള വാണിജ്യ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരാൻ ഐബിഎസിനെ പങ്കാളികളാക്കിയതിൽ സന്തോഷമുണ്ട്. ദശലക്ഷക്കണക്കിന് യാത്രികർക്ക് മികച്ച ഉപഭോക്തൃ അനുഭവങ്ങൾ നൽകുന്നതിൽ ഫ്ളൈ 91 നെ ഐബിഎസ് പിന്തുണയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

സുഖകരവും വിശ്വസനീയവും ചെലവ് കുറഞ്ഞതുമായ ഫ്ളൈറ്റുകൾ എത്തിക്കാനാണ് ഫ്ളൈ 91 ശ്രമിക്കുന്നതെന്ന് സിഒഒ പ്രസന്ന സുബ്രഹ്മണ്യം പറഞ്ഞു. സങ്കീർണതകൾ ഒഴിവാക്കി എളുപ്പത്തിൽ റിസർവേഷൻ സാധ്യമാകുന്നതിലാണ് യാത്രികർക്ക് താത്പര്യം. ഇത് തിരിച്ചറിഞ്ഞു കൊണ്ടുള്ള സേവനം നൽകുന്നതിലും യാത്രാചെലവ് കുറയ്ക്കുന്നതിനുള്ള ഇടപെടലിലും ഫ്ളൈ 91 ശ്രദ്ധവയ്ക്കുന്നു. ഇതിന് ഐബിഎസുമായുള്ള പങ്കാളിത്തം ഏറെ ഗുണം ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗവൺമെൻറിൻറെ റീജിയണൽ കണക്റ്റിവിറ്റി സ്കീം ആയ ഉഡാന് കീഴിൽ ആദ്യ സെറ്റ് റൂട്ടുകൾ ഫ്ളൈ 91 ഇതിനകം നേടിയിട്ടുണ്ട്. സർവീസ് കുറവുള്ള പ്രാദേശിക വിമാനത്താവളങ്ങളിൽ കുറഞ്ഞത് 50 പാസഞ്ചർ സർവീസുകൾ തുടങ്ങാനും ഏകദേശം 1,000 പുതിയ പ്രാദേശിക റൂട്ടുകൾ പുറത്തിറക്കാനുമാണ് ഫ്ളൈ 91 ഉദ്ദേശിക്കുന്നത്.

നേരത്തെ എമിറേറ്റ്സ് എയർലൈൻസ്, കിംഗ് ഫിഷർ എയർലൈൻസ്, അമേരിക്കൻ എക്സ് പ്രസ്, എസ്ഒടിസി, ഡബ്ല്യുഎൻഎസ് എന്നിവിടങ്ങളിൽ നേതൃസ്ഥാനങ്ങൾ വഹിച്ചിട്ടുള്ള മനോജ് ചാക്കോ (സിഇഒ) ഉൾപ്പെടെയുള്ള വ്യവസായ പ്രമുഖരാണ് ഫ്ളൈ 91 സ്ഥാപിച്ചത്. 2024 മാർച്ച് 18ന് വാണിജ്യ പ്രവർത്തനം ആരംഭിച്ച ഫ്ളൈ 91 ൻറെ ഹോം ബേസ് ഗോവയിലെ മനോഹർ ഇൻറർനാഷണൽ എയർപോർട്ട് ആണ്. ടർബോപ്രോപ്പ് എടിആർ 72600 വിമാനങ്ങളാണ് ഇവർ പ്രവർത്തിപ്പിക്കുന്നത്.

### എഴുന്നള്ളിപ്പിനിടെ രണ്ടാംപാപ്പാനെ ആന ചവിട്ടിക്കൊന്നു

വൈക്കം : വൈക്കം ടി.വി.പുരം ശ്രീരാമസ്വാമി ക്ഷേത്രത്തിലെ ഉത്സവത്തോട് അനുബന്ധിച്ചു നടന്ന വിളക്ക് എഴുന്നള്ളിപ്പിനിടെ ആന രണ്ടാം പാപ്പാനെ ചവിട്ടി കൊന്നു. കോട്ടയം ചങ്ങനാശേരി പാത്താമുട്ടം സ്വദേശി അരവിന്ദ്(26) ആണ് മരിച്ചത്. ബുധനാഴ്ച രാത്രി ഒൻപതു മണിയോടെയാണു സംഭവം. ചങ്ങല ഇടാൻ ശ്രമിക്കുന്നതിനിടെ 2 ാം പാപ്പാനെ മുൻകാലിനു തട്ടിമറിച്ചിട്ടശേഷം ചവിട്ടി കൊല്ലുകയായിരുന്നു.

തുടർന്ന് വൈക്കത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചശേഷം മൃതദേഹം താലൂക്കാശുപത്രി മോർച്ചറിയിൽ. തോട്ടയ്ക്കാട് കുഞ്ഞുലക്ഷ്മി എന്ന ആനയാണ് അരവിന്ദിനെ ചവിട്ടിയത്. ഗുരുതരമായി പരുക്കേറ്റ അരവിന്ദിനെ ഭാരവാഹികളും നാട്ടുകാരും ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

# ഉത്സവത്തിനിടെ സംഘം തിരിഞ്ഞ് ആക്രമണം; ഇരിങ്ങാലക്കുടയിൽ യുവാവ് കുത്തേറ്റു മരിച്ചു

ഇരിങ്ങാലക്കുട : മൂർക്കനാട് ശിവക്ഷേത്രത്തിലെ ഉത്സവത്തിനിടെ യുവാക്കൾ തമ്മിൽ ചേരിതിരിഞ്ഞുണ്ടായ സംഘർഷത്തിൽ കുത്തേറ്റു യുവാവ് മരിച്ചു. അരിമ്പൂർ വെളുത്തൂർ സ്വദേശി ഭരതൻ സെന്റർ ചുള്ളിപ്പറമ്പിൽ സുഭാഷ് ചന്ദ്രബോസിന്റെയും ലതികയുടെയും മകൻ അക്ഷയ് (23 കുട്ടാപ്പി) ആണ് കൊല്ലപ്പെട്ടത്. കത്തികൊണ്ടുള്ള ആക്രമണത്തിൽ 5 പേർക്കു സാരമായി പരുക്കേറ്റു. ഗുരുതരമായി പരുക്കേറ്റ 4 പേരെ കൂർക്കഞ്ചേരി എലൈറ്റ് ആശുപത്രിയിലും ഒരാളെ ഇരിങ്ങാലക്കുട സഹകരണ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

രജനീകാന്തയ്ക്കെതിരെ കൊലക്കുറ്റം ചുമത്തി; ടിടിഇയെ തള്ളിയിട്ടശേഷം യാത്രക്കാരോടും തട്ടിക്കയറി

അക്ഷയ്ക്കു നെഞ്ചിനോടു ചേർന്നാണു കുത്തേറ്റത്. മൃതദേഹം മാപ്രാണം ലാൽ മെമ്മോറിയൽ ആശുപത്രിയിലെ മോർച്ചറിയിലേക്കു മാറ്റി. ബുധനാഴ്ച രാത്രി ഏഴോടെ ഉത്സവത്തിന്റെ ഭാഗമായുള്ള എഴുന്നള്ളിപ്പും വെടിക്കെട്ടും കഴിഞ്ഞതിനു പിന്നാലെ ആലുംപറമ്പ് പരിസരത്താണു സംഘർഷമുണ്ടായത്. ഫുട്ബോൾ കളിയെ തുടർന്നുണ്ടായ തർക്കമാണ് ഏറ്റുമുട്ടലിൽ കലാശിച്ചതെന്നു കരുതുന്നു. ആക്രമിക്കാനെത്തിയ ഒരു സംഘത്തിലെ യുവാക്കൾ മാരകായുധങ്ങൾ കയ്യിൽ കരുതിയിരുന്നതായി നാട്ടുകാർ പറഞ്ഞു. ആനന്ദപുരം സ്വദേശികളായ കൊല്ലപ്പറമ്പിൽ സഹിൽ, പൊന്നിയത്ത് സന്തോഷ്, മൂർക്കനാട് സ്വദേശി കരിക്കപ്പറമ്പിൽ പ്രജിത്ത്, കൊടകര സ്വദേശി മഞ്ചേരി വീട്ടിൽ മനോജ്, തൊട്ടിപ്പാൾ സ്വദേശി നെടുമ്പാൾ വീട്ടിൽ നിഖിൽ എന്നിവരാണു ചികിത്സയിലുള്ളത്. ഇരിങ്ങാലക്കുട ഡിവൈഎസ്പി കുഞ്ഞിമൊയ്തീന്റെ നേതൃത്വത്തിൽ പൊലീസ് സ്ഥലത്തെത്തി അന്വേഷണം തുടങ്ങി. സ്ഥലത്ത് പൊലീസ് ക്യാംപ് ചെയ്യുന്നുണ്ട്. ക്രിമിനൽ കേസുകളിലെ പ്രതികൾ തമ്മിലാണ് സംഘർഷമുണ്ടായതെന്നു സൂചനയുണ്ട്

# 18.3 ലക്ഷം യാത്രക്കാർ; കൊച്ചി വാട്ടർ മെട്രോ ഒന്നാം വർഷത്തിലേക്ക്




വാട്ടർ മെട്രോ സർവീസ് തുടങ്ങിയിട്ട് ഈ മാസം 25 ന് ഒരു വർഷം പൂർത്തിയാകും. ഒൻപത് ബോട്ടുകളും രണ്ട് റൂട്ടുകളുമായി സർവീസ് ആരംഭിച്ച വാട്ടർ മെട്രോ 11 മാസം പിന്നിടുമ്പോൾ 13 ബോട്ടുകളുമായി അഞ്ച് റൂട്ടുകളിലേക്ക് വ്യാപിച്ചു. 11 മാസത്തിനകം 18,36,390 പേരാണ് കൊച്ചി വാട്ടർ മെട്രോയുടെ സേവനം ഉപയോഗപ്പെടുത്തിയത്. ഫോർട്ട്കൊച്ചിയിലേക്ക് താമസിയാതെ വാട്ടർ മെട്രോ സർവീസ് തുടങ്ങും.

കൊച്ചി വാട്ടർ മെട്രോയെ അടുത്തറിയാൻ കൊച്ചിയിലെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം സ്ഥിരം യാത്രികരുടെ എണ്ണത്തെക്കാൾ കൂടുതലാണ്. 20 മുതൽ 40 രൂപയാണ് ടിക്കറ്റ് നിരക്കെന്നിരിക്കേ വിവിധ യാത്രാ പാസുകൾ ഉപയോഗിച്ച് 10 രൂപ നിരക്കിൽ വരെ കൊച്ചി വാട്ടർ മെട്രോയിൽ സ്ഥിരം യാത്രികർക്ക് സഞ്ചരിക്കാം.

സൗത്ത് ചിറ്റൂരിൽനിന്ന് ബസിൽ ഹൈക്കോർട്ടിലേക്കെത്താൻ 18 രൂപ വേണം. കൊച്ചി വാട്ടർ മെട്രോയുടെ യാത്രാ പാസ് ഉപയോഗിച്ച് 10 രൂപയ്ക്ക് പൊതുൾക്ക് ഇതേ ദൂരം യാത്ര ചെയ്യാനാകുമെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ.) അധികൃതർ പറഞ്ഞു. കുമ്പളം, പാലിയംതുരുത്ത്, വില്ലിങ്ടൺ ഐലൻഡ്, കടമക്കുടി, മട്ടാഞ്ചേരി ടെർമിനലുകളുടെ നിർമാണവും അതിവേഗം പുരോഗമിക്കുകയാണ്.

ടൂറിസം സാധ്യതകൾ പരിഗണിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതികൾ തയ്യാറാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇത്തരത്തിലുള്ള പദ്ധതി യാഥാർഥ്യമാക്കാനാണ് നീക്കം.

ദ്വീപുനിവാസികൾക്ക് വരുമാനമാകുന്ന തരത്തിൽ ഫിഷിങ്, കലാപരിപാടികൾ തുടങ്ങിയവ സജ്ജമാക്കും. വാട്ടർ മെട്രോയിൽ സഞ്ചാരികളെ ഹോപ്പ് ഓൺ ഹോപ്പ് ഓഫ് മാതൃകയിൽ ദ്വീപുകളിലേക്ക് എത്തിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യും. കൂടുതൽ ബോട്ടുകൾ ലഭിക്കുന്നതനുസരിച്ച് വിനോദസഞ്ചാരികൾക്കായി പ്രത്യേകം ട്രിപ്പുകൾ ക്രമീകരിക്കുന്നതും ആലോചനയിലാണെന്ന് അധികൃതർ പറഞ്ഞു

# തമിഴ്നാട് പൊലീസ് കസ്റ്റഡിയിൽനിന്നു രക്ഷപ്പെട്ട കൊടുംകുറ്റവാളി ലെനിനെ വയനാട് പൊലീസ് പിടികൂടി

കൽപറ്റ : തമിഴ്നാട് പൊലീസ് കസ്റ്റഡിയിൽനിന്നു രക്ഷപ്പെട്ട കൊടുംകുറ്റവാളി ലെനിനെ വയനാട് പൊലീസ് പിടികൂടി. കേരളത്തിലും തമിഴ്നാട്ടിലുമായി കൊലപാതകം, ബലാത്സംഗം, പോക്സോ തുടങ്ങിയ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ കൃഷ്ണഗിരി, മൈലമ്പാടി, എം.ജെ.ലെനിനെ(40) ആണ് മേപ്പാടി ഇൻസ്പെക്ടർ എസ് എച്ച് ഒ ബി.കെ. സിജുവിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽനിന്ന് പിടികൂടിയത്.

കോട്ടയം, കോഴിക്കോട് പൊലീസിന്റെയും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും സഹായത്തോടെയായിരുന്നു ഓപറേഷൻ. ഇയാൾ മംഗളൂരുവിലേക്കു കടക്കാനുള്ള ശ്രമമായിരുന്നു. തമിഴ്നാട്ടിൽ ബലാത്സംഗം, കൊലപാതക കേസുകളിൽ ശിക്ഷ വിധിക്കപ്പെട്ട് ജുഡിഷ്യൽ കസ്റ്റഡിയിൽ കഴിയുകയായിരുന്ന ഇയാളെ അമ്പലവയൽ കൂട്ട ബലാത്സംഗ കേസിൽ വിചാരണയ്ക്കു മുൻപുള്ള കുറ്റം വായിച്ചു കൊടുക്കൽ പ്രക്രിയക്കായി ബത്തേരി കോടതിയിലേക്കു കൊണ്ടുപോകുമ്പോഴാണു തമിഴ്നാട് പൊലീസുകാരിൽനിന്നും ഇയാൾ രക്ഷപ്പെട്ടത്. ചൊവ്വാഴ്ച വൈകിട്ട് മേപ്പാടി സ്റ്റേഷൻ പരിധിയിലെ കാപ്പംകൊല്ലിയിൽ വച്ചാണ് ഇയാൾ രക്ഷപ്പെട്ടത്. ഇയാൾ രക്ഷപ്പെട്ട വിവരമറിഞ്ഞയുടൻ വയനാട് ജില്ലാ പൊലീസ് പരിശോധനയും നിരീക്ഷണവും ശക്തമാക്കിയിരുന്നു.

തമിഴ്നാട്ടിൽ റജിസ്റ്റർ ചെയ്ത ഇരട്ടകൊലപാതക ക്കേസിൽ 64 വർഷം ശിക്ഷ വിധിക്കപ്പെട്ടയാളാണ് ലെനിൻ. 2022ൽ പ്രായപൂർത്തിയാവാത്ത പെൺകുട്ടിയെ എറണാകുളത്തുനിന്ന് തട്ടികൊണ്ടുവന്ന് എടക്കലിലെ ഹോംസ്റ്റേയിലെത്തിച്ചു ലഹരിവസ്തുക്കൾ നൽകി 17 പേർ ചേർന്ന് കൂട്ടബലാത്സംഗം ചെയ്ത കേസിലും പ്രതിയാണ്. അമ്പലവയൽ സ്റ്റേഷനിൽ ഇമ്മോറൽ ട്രാഫിക്, റോബറി എന്നീ കേസുകളിലും ബത്തേരി സ്റ്റേഷനിൽ അക്രമിച്ച് പൊതുമുതൽ നശിപ്പിക്കൽ കേസിലും കൽപ്പറ്റ സ്റ്റേഷനിൽ ഇമ്മോറൽ ട്രാഫിക് കേസിലും പ്രതിയാണ്. എസ്ഐ ഹരീഷ് കുമാർ, സീനിയർ സിവിൽ പൊലീസ് ഓഫിസർമാരായ കെ.കെ. വിപിൻ, നൗഫൽ, സിപിഒ സക്കറിയ, ഷാജഹാൻ എന്നിവരും പൊലീസ് സംഘത്തിലുണ്ടായിരുന്നു.